

# മുളപ്പോൺപള്ളി

## കുടുംബചരിത്രം ഒരെത്തിനോട്ടം

www.malankaralibrary.com

# മുളപ്പോൺപള്ളി കുടുംബചരിത്രം

## ഒരെത്തിനോട്ടം



www.malankaralibrary.com

A Brief Review of Mulapponpally Family History
( Malayalam)

Chief Editor:
Fr. S. Jacob, M. A. B.Ed ( President )

Editorial Board :
Joy Koshy ( Secretary)
Anna Tharakan
C. Daniel Karotte
T. Daniel Thuruthel

First Edition: September 2006
Copies: 200
All rights reserved

DTP & Layout
Kaleeckal DTP works
10th Mile, Nooranad, Ph: 9947075118

Printed by: Thuruthel Press & Book Depot
M.M. Junction, Pandalam.
Ph: 04734252668 ( O ) 252527 ( R )

( For Private Circulation Only)



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സമർപ്പണം

"ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം"

മുളപ്പോൺപള്ളി തറവാടിന്റെ ശക്തി സ്രോതസ്സുകളായി ആദിമ നൂറ്റാണ്ടുകളിൽ വിരാജിച്ച കത്തനാരു തോമ്മാ, കത്തനാരു ചാക്കോ എന്നീ ആചാര്യ ശ്രേഷ്ഠന്മാരുടേയും പിൻതലമുറയിൽ കുടുംബത്തിന് മാർഗ്ഗദീപം തെളിച്ചുതന്ന ബഹുമാന്യരായ തോമസ് തരകൻ കത്തനാർ, ജേക്കബ് തരകൻ കത്തനാർ, സ്മര്യപുരുഷനും ഭാഗ്യ സ്മരണാർഹനുമായ കോശിത്തരകനപ്പൂപ്പൻ എന്നിവരുടെ പാവനചരിത്രത്തിന് മുൻപിൽ ഞങ്ങളുടെ പ്രണാമം അർപ്പിച്ചുകൊണ്ടും 'ചരിത്രത്തിലേക്കൊരെത്തിനോട്ടം' എന്ന ലഘുചരിതം സമർപ്പിച്ചുകൊള്ളുന്നു.



www.malankaralibrary.com



ദൈവമാതാവായ വിശുദ്ധ കന്യക മറിയാം



www.malankaralibrary.com



പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ



www.malankaralibrary.com






www.malankaralibrary.com



പ: പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി



www.malankaralibrary.com



വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി



www.malankaralibrary.com


# Our Beloved Arch Bishop Mar Ivanios





www.malankaralibrary.com

# എഡിറ്റർ സംസാരിക്കുന്നു.



കുടുംബചരിത്ര രചന തികച്ചും ദുഷ്കരമാണ്. കുടുംബങ്ങളുടെ കെട്ടുറപ്പ് ഏറ്റം ശിഥിലമായിക്കൊണ്ടിരിക്കുന്ന ഒരു തലമുറയിലാണ് നാം ജീവിക്കുന്നുത്. കുടുംബ ചരിത്രങ്ങളുടെ പ്രസക്തിപോലും ചോദ്യം ചെയ്യുന്നവരുടെ സംഖ്യ ഇന്ന് ഏറിക്കൊണ്ടിരിക്കുന്നു. ഈ അടുത്ത കാലത്തായി കുടുംബങ്ങളുടെ അന്താരാഷ്ട്രവർഷം ആചരിച്ചതിൽ നിന്നും തറവാടുകളുടേയും അവയുടെ ചരിത്രത്തിന്റെയും പ്രാമുഖ്യവും സാംഗത്യവും പ്രസ്പഷ്ടമാക്കുന്നു. കുടുംബം നന്നായാലേ സമൂഹം നന്നാകൂ. സമൂഹം നന്നായാലേ രാഷ്ട്രം നന്നാകൂവെന്നതാണ് പരമാർത്ഥം. കുടുംബം നന്നാകണമെങ്കിൽ ഓരോ അംഗവും കാത്തു സൂക്ഷിക്കേണ്ട പൈതൃകത്തിന്റെ (Heritage) മൂല്യം അറിഞ്ഞിരിക്കണം. മുളപ്പോൺപള്ളി തറവാട്ടുപൈതൃകം മനസ്സിലാക്കാൻ ഈ ലഘുഗ്രന്ഥം നന്നാ പ്രയോജകീഭവിക്കുമെന്നാണ് എന്റെ ഉറച്ചവിശ്വാസം. കുടുംബാംഗങ്ങളുടെ ഐക്യദാർഢ്യവും പരസ്പര സ്നേഹവും കൂടുതൽ പുഷ്കലവും ശോഭനവുമാക്കുന്നതിന് കുടുംബയോഗങ്ങളും ആയതിന്റെ ചരിത്രവും സഹായിക്കുമെന്ന് ഞാൻ നന്നായി വിശ്വസിക്കുന്നു. കുടുംബയോഗങ്ങൾക്ക് നാം ജീവിക്കുന്ന സമൂഹത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ സ്ഥായിയായ പങ്കു വഹിക്കാൻ കഴിയും. ജീവിതായോധനത്തിൽ സമയം കണ്ടെത്താതെ ജീവിത ക്ലേശങ്ങളാൽ ദേശദേശാന്തരങ്ങളിൽ കഴിയേണ്ടി വരുന്ന കുടുംബ യോഗങ്ങളെപ്പറ്റി അറിയുന്നതിനും ഐക്യബോധം ഊട്ടിയുറപ്പിക്കുന്നതിനും തീർച്ചയായും ഈ ചരിത്രം ഉപകരിക്കും.

നല്ല കുടുംബ പശ്ചാത്തലങ്ങളിൽ വളരുന്നവർക്ക് സമൂഹത്തെ ഒന്നായി കണ്ട് ഉൾക്കൊള്ളാൻ എളുപ്പമാണ്. കുടുംബചരിത്രങ്ങൾ ആ ദിശയിൽ ഒരു വലിയ സേവനമാണ് നിർവ്വഹിക്കുന്നത്.

ആദ്യനൂറ്റാണ്ടുകളിൽ ഇവിടേയ്ക്ക് കുടിയേറി പാർത്ത ആളുകളിൽ മുളപ്പോൺപള്ളിയിലെ ആദരണീയരായ കത്തനാര് തോമായും, കത്തനാര് ചാക്കോയും ഈ പ്രദേശത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. ഒരു സംഘമായിട്ടാണ് ഇവിടേക്ക് ഈ വൈദികുടെ നേതൃത്വത്തിൽ കടന്നു വന്നത്. ഇവരുടെ പിൻതലമുറക്കാരായി അവർ കാട്ടികൊടുത്ത വിശ്വാസദീപം തലമുറകളിലേക്ക് കൈമാറിത്തരുവാൻ പ്രാപ്തരായി തീർന്നവരാണ് സന്യാസി



www.malankaralibrary.com

ശ്രേഷ്ഠനായ കോശി തരകനപ്പൂപ്പനും, ജേക്കബ് തരകൻകത്തനാരും. ഇവരിൽ വിശുദ്ധജീവിതംകൊണ്ട് ശ്രദ്ധ പിടിച്ചു പറ്റിയ കോശിതരകനപ്പൂപ്പന്റെ ശ്രാദ്ധം ശതാബ്ദങ്ങളായി സന്തോഷത്തോടെ കുടുംബാംഗങ്ങൾ ഒത്തു ചേർന്ന് കൊണ്ടാടി വരുന്നു.

"ലോകൈക കുടുംബകം" (ലോകം മുഴുവനായി ഒരു കുടുംബമാണ്) , "വിശ്വൈകനിഡം" (വിശ്വം മുഴുവനും ഒരു കൂടാണ് അഥവാ ഒരു വീടാണ്) "ലോകോ ; സമസ്താ; സുഖിനോ ഭവന്തു" (ലോകരെല്ലാവരും സുഖമായി കഴിയണം) തുടങ്ങിയ ആപ്തവാക്യങ്ങൾ സുവിദിതമാണല്ലോ. കുടുംബചരിത്രം വിശ്വസാഹോദര്യത്തിലേക്ക് നമ്മെ ഏവരേയും നയിക്കണം. കുടിയേറ്റ പാരമ്പര്യമുള്ള സുറിയാനി നസ്രാണികളെ സംബന്ധിച്ചിടത്തോളം പുതിയ സാഹചര്യങ്ങളിൽ എത്തിപ്പെടുമ്പോഴും അവരുടെ തനിമ ( ഐഡന്റിറ്റി) തെല്ലും നഷ്ടപ്പെട്ടുപോകാതെ ആയതിന് പുതിയ പരിവേഷം നൽകുവാൻ ചരിത്രബോധം അവരെ സഹായിക്കും. 'ഭാരതമെന്നു കേട്ടാലഭിമാന ഭാരത്താൽ പൂരിതമാകണമന്തഃരംഗം'. കേരളമെന്നുകേട്ടാലോ ചോരതുടിയ്ക്കണം ഞരമ്പുകളിൽ എന്ന് മഹാകവി വള്ളത്തോൾ പാടിയിട്ടുണ്ട്. അവ്വണ്ണം കുടുംബത്തിന്റെ നാമ ശ്രവണത്തിൽ തന്നെ ഓരോ അംഗത്തിനും അഭിമാനവും അന്തസ്സും മനസ്സിൽ അങ്കുരിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അനേക വ്യക്തികളുടെ ഉള്ളിൽ നിന്നും ഉയർന്നുവന്ന പ്രോത്സാഹനമാണ് ഈ കുറിപ്പുകൾ തയ്യാറാക്കുവാൻ എന്നെ പ്രേരിപ്പിച്ചത്.

ഈ ലഘുചരിത്രം ഈ രൂപത്തിൽ ചിട്ടപ്പെടുത്തുവാനായി ധൈര്യവും കഴിവും ഏകിയ പരമ കാരുണികനായ ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം ആയതിന് ഉത്തേജനവും മാർഗ്ഗനിർദ്ദേശങ്ങളും ഏകിയ കുടുംബാംഗങ്ങളോടുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

കവർഡിസൈൻ ചെയ്ത ABC Digital Graphics, Adoor നും, ഡി.റ്റി.പി. ജോലികൾ വളരെ ചാരുതയോടും കൃത്യതയോടും നിർവ്വഹിച്ചുതന്ന ശ്രീ കെ. ഐ. കോശിയ്ക്കും (കളീയ്ക്കൽ ഡി.റ്റി.പി., നൂറനാട്), ഇതിന്റെ പ്രിന്റിംഗ് ഭംഗിയായി നിർവഹിച്ചുതന്ന തുരുത്തേൽ പ്രസ് ഉടമ റ്റി. ഡാനിയേലിനോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ചരിത്ര കുതുകികളും സത്യാന്വേഷകരുമായ വരുംതലമുറയ്ക്ക് ഈ കുറിപ്പുകൾ (സമ്പൂർണ്ണ ചരിത്രമല്ല) പ്രഥമ ചവിട്ടുപടിയായി കലാശിക്കട്ടെ എന്ന് ശുഭപ്രതീക്ഷയോടെ പൂർവ്വസൂരികളായ ആചാര്യമാരുടെ പരിപൂത സ്മരണയ്ക്കുമുമ്പിൽ പ്രണാമമർപ്പിച്ചുകൊണ്ട് നിർത്തട്ടെ.

സ്നേഹപൂർവ്വം
ഫാ : എസ്.ജേക്കബ് മുളപ്പോൺപള്ളി
ഒട്ടലിൽ കിഴക്കേതിൽ
കുടശ്ശനാട്



www.malankaralibrary.com

*MULAPPONPALLY KUDUMBAYOGAM*

# FR. KOSHY THARAKAN MEMORIAL CHARITABLE TRUST

(REG NO. 46/05/IV DT: 26.09.05)

KUDASSANAD P.O., ALLEPPEY (DIST), KERALA, PIN - 689 512

email : mulappompally@netone.in

*President*

Rev. Fr. S. Jacob
Mulappompally
Ph : 0479 - 2388901

*Secretary*

Joy Koshy Tharakan
Thevareth Kizhakathil
Ph : 0479 - 2388013

*Treasurer*


P.T. Mathews
Pinummoottil Vadakkethil
Ph : 0479 - 2388330

*Advisory Committee*

Lt.Col. K.C.George (Retd)
Karotte Golden Castle
Ulsoor, Bangalore
Ph : 080 - 25514976

Prince Augustine
Mulappompally
Chembur, Mumbai
Ph : 022 - 25232753

Byju Pappachen
Kottuviruthil Vadakkethil
Padi, Madras
Ph : 044 - 26252146



*Date : 17-09-2006*

ജോർജ് വർഗ്ഗീസ്
തേവരേത്ത്

## രക്ഷാധികാരിയുടെ കത്ത്

പ്രിയപ്പെട്ട കുടുംബാംഗങ്ങളേ,

കന്നി 11 ശ്രാദ്ധം നാം ആഘോഷിച്ചു വരികയാണല്ലോ. എന്നാൽ നമ്മുടെ കുടുംബത്തിന്റെ ഒരു സംക്ഷിപ്തചരിത്രം കൂടി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ശ്രാദ്ധവും, ചരിത്രവും നമുക്ക് അനുഗ്രഹവും ഒരു മുതൽകൂട്ടുമാണ്. പൂർവ്വികരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ സഹായനിധിയും തുടർന്നുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും എക്കാലവും തുടർന്ന് മറ്റുള്ളവരുടെ നന്മക്കായി പ്രാർത്ഥിക്കാം; പ്രവർത്തിക്കാം.

സർവ്വോപരി സഹോദരസ്നേഹവും പ്രാർത്ഥനാ ജീവിതവും ഉൾക്കൊണ്ട് ജീവിക്കാൻ നമുക്ക് ശ്രമിക്കാം. സർവ്വശക്തനായ ദൈവം തന്ന എല്ലാനന്മകൾക്കും നന്ദിപറയുന്നു. ഞാൻ നിർത്തുന്നു. ഏവർക്കും നന്ദി.

സ്നേഹപൂർവ്വം

ജോർജ് വർഗ്ഗീസ്, തേവരേത്ത്




www.malankaralibrary.com

# MALANKARA ORTHODOX SYRIAN CHURCH

(Catholicate of the East)

**H.G. Dr. Geevarghese Mar Osthathios**
Metropolitan of Niranam Diocese
President of Mission Board



ബലഹീനനായ ഞാൻ കൂടി അംഗമായുള്ള കുറവിലങ്ങാട്ട് കുടുംബത്തിന്റെ ഒരു ശാഖയായ കുടശ്ശനാട്ട് മുളപ്പോൺപള്ളി തറവാട്ടിലെ അംഗമായ ജേക്കബ് കത്തനാർക്കും ഇപ്പോൾ ജീവിച്ചിരിക്കുന്ന മറ്റു കുടുംബ വൈദികർക്കും കുടുംബത്തിലെ മറ്റേവർക്കും ശ്ലൈഹിക വാഴ്വ്.

പ്രിയ വൈദികരെ, മറ്റു കുടുംബാംഗങ്ങളുമേ മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം അവകാശിക്കുവാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യം തന്നെയാണ്. സഭയുടെ പുരാതനത്വം തെളിയിക്കുന്ന ചരിത്ര ശാഖകളിലേക്ക് കടക്കുവാനുള്ളതായ പാണ്ഡിത്യം എനിക്കില്ലെങ്കിലും കടന്നുപോയ ഭാഗ്യവാൻമാരായ എല്ലാ ആചാര്യൻമാരെയും നന്ദിയോടെ സ്മരിക്കുന്നു. യൂറോപ്പിൽ ക്രിസ്തു മതം എത്തിച്ചേരുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പാണ് നമ്മുടെ ചെറിയ സഭയുടെ ഉത്ഭവം. ഇതിന്റെ ഉത്തരവാദിത്വ ബോധമാണ് നമുക്കിന്ന് കൂടുതൽ ഉണ്ടാകേണ്ടത്. ഹൈന്ദവ ക്ഷേത്രങ്ങളിൽ അനുദിന പൂജയ്ക്ക് ഉപയോച്ചിരുന്ന എണ്ണ ക്രിസ്ത്യാനി സ്പർശിച്ചെങ്കിലേ ശുദ്ധമാകൂ എന്ന വിശ്വാസം പുരാതന ഹൈന്ദവ ദേവാലയങ്ങളിൽ ഇപ്പോഴും ഉണ്ട്. മറ്റു പുരാതന മതങ്ങൾക്കില്ലാത്ത മതസൗഹാർദ്ദ ബോധം ഉണ്ടായിരുന്ന തിരുവാതാംകോട്ട് രാജാക്കൻമാർ എഴുതിതന്ന പുരാതന രേഖകൾ ഇപ്പോഴും ഉള്ള ഒരു കുടുംബമാണല്ലോ മുളപ്പോൺപള്ളി കുടുംബം. ഈ പാരമ്പര്യം പുലർത്തുമ്പോൾ ഹൈന്ദവരാജകുടുംബങ്ങളോടുപോലും നമുക്കുള്ള കടപ്പാട് വിസ്മരിച്ചുകൂടാ.

പതിവുകളും ഉത്തരവാതിത്വങ്ങളും ഒരുമിച്ചുപോകുന്ന രണ്ടു കാര്യങ്ങളാണ്. ഇപ്പോൾ കുടുംബയോഗം നടത്തുമ്പോൾ പതിവുകൾ ഓർത്ത് അഭിമാനിക്കുക മാത്രം പോരാ നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിയില്ല എന്ന ദുഃഖം കൂടി നമുക്കുണ്ടായിരിക്കേണ്ടതാണ്. ദൈവകൃപയാലും വി : മാർത്തോമാ ശ്ലീഹായുടെ പ്രാർത്ഥനയാലും നമ്മുടെ ഭാരതീയ പൗരത്വത്തിന്റെ മഹിമ ഈ മൂന്നാം സഹസ്രാബ്ദത്തിലെങ്കിലും ഭാരതം മുഴുവൻ കാട്ടിക്കോടുക്കേണ്ട ദൗത്യം ഓർമിപ്പിക്കുന്ന കുടുംബയോഗമായിരിക്കണം നാം നടത്തേണ്ടത്. ആ ദൗത്യം സമ്പന്നരേക്കാൾ കൂടുതൽ അർഹിക്കുന്നത് ദാരിദ്രരേഖയുടെ കീഴെയുള്ള ഭാരതീയ സഹോദരി സഹോരങ്ങളോടാണ് . അതിനുവേണ്ടി താണിറങ്ങി യേശുമിശിഹായുടെ സ്നേഹം കാണിപ്പാൻ ഭാരതീയ ഗ്രാമങ്ങളിലേക്ക് ആണ് നാം ആദ്യമായി പോകേണ്ടത്. വിദ്യാഭ്യാസരംഗത്ത് എറ്റവും ഉയർന്ന് നിൽക്കുന്ന കേരളീയരായ നാം അക്ഷരജ്ഞാനം പോലുമില്ലാത്ത നമ്മുടെ ഗ്രാമീണ സഹോദരൻമാരെ തേടിപ്പിടിച്ച് പഠിപ്പിക്കേണ്ട കടമ ഇപ്പോൾ നാം തുടങ്ങിയിട്ടേയുള്ളൂ. അത് പൂർത്തീകരിക്കുവാനും നമ്മുടെ ഇളയതലമുറയെ എങ്കിലും ബോധവത്കരണം ചെയ്യുവാനും നമുക്ക് തീരുമാനിക്കാം.

ത്രീയേകദൈവത്തിന്റെ (അദ്വൈത ദൈവം) അളവറ്റ കൃപാകടാക്ഷം മുളപ്പോൺപള്ളി കുടുംബത്തിലെ എല്ലാവർക്കും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ചെറിയ ആശംസ എല്ലാവരെയും അറിയിക്കുകയാണ്.

പ്രാർത്ഥനയോടും ആശംസകളോടും അനുഗ്രഹങ്ങളോടും കൂടി നിങ്ങൾക്ക് പ്രിയനായ ഗീവർഗ്ഗീസ്മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത.

Place:.................................

Date:.................................

Bethany Aramana
Thiruvalla-689 101
Kerala-India
Tel: 0469-2701357, 2603357

Mobile No. 9447732473

St. Paul's Mission Training Centre
Mavelikara - 690 103
Kerala-India
Tel: 0479-2302473. Fax: 2342709



www.malankaralibrary.com

# Malankara Orthodox Church of India

(CATHOLICATE OF THE EAST)
DIOCESE OF THIRUVANANTHAPURAM

**DR. GABRIEL MAR GREGORIOS METROPOLITAN**

Orthodox Church Centre
Ulloor, Medical College P.O.,
Thiruvananthapuram 695011
Phone : 0091 471 2442509 (O)
: 0091 471 2552509 (R)
Cell : 0091 9447166857
Fax : 0091 471 2442509



**Date : 05-09-2006**

അരുമയേറിയവരും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മുളക്കോണത്ത്പള്ളി കുടുംബയോഗാംഗങ്ങൾക്ക് വാഴ്‌വ്,

പ്രിയരെ,

മുളക്കോണത്ത്പള്ളി കുടുംബത്തിന്റെ സംക്ഷിപ്ത ചരിത്രം പ്രസിദ്ധീകരിക്കുന്നു എന്നു കാണുന്നതിൽ അത്യധികം സന്തോഷിക്കുന്നു. ഈ സംരംഭം വിജയിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നൂറ്റാണ്ടുകളുടെ പഴമയും പെരുമയും ഉള്ള ഒരു കുടുംബചരിത്രം വാമൊഴിയിൽ നിന്ന് വരമൊഴിയായി രൂപപ്പെടുത്തിയെടുക്കുന്നതിൽ ചരിത്ര ഗവേഷകർ കാണിച്ചിരിക്കുന്ന ശ്രദ്ധയും അന്വേഷണവും ശ്ലാഘനീയം തന്നെ. ഇത് നമ്മുടെ കേരളചരിത്രത്തിന്റെ അറിയപ്പെടാത്ത ചില മേഖലകളിലേക്ക് ഗൗരവമായി ആഴത്തിൽ അന്വേഷിച്ചറിയാൻ പ്രേരണ നൽകുന്നു. കേരള നസ്രാണികളുടെ സ്വത്വവും സ്വകീയതയും തിരിച്ചറിയാൻ സഹായിക്കുന്നു. കേരള സംസ്കാരത്തിന്റെ തനിമയിൽ നിലനിന്നുകൊണ്ടുതന്നെ ക്രിസ്തീയ സാക്ഷ്യം നിർവഹിക്കാൻ മാർത്തോമ്മായുടെ പിൻതലമുറക്കാർക്ക് കഴിഞ്ഞിരിക്കുന്നു എന്ന് ഈ ഗ്രന്ഥം തെളിവു നൽകുന്നു. മലയാള ദേശങ്ങളുടെ ഭൂപരിണാമ ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ കഴിയുന്ന സൂചനകളും ഈ ഗ്രന്ഥത്തിന്റെ മുതൽക്കൂട്ടാകുന്നു.

ഒറ്റവാക്കിൽ പറഞ്ഞാൽ വെറുമൊരു കുടുംബപുരാണം പറഞ്ഞു തീർക്കുകയല്ല. ഒരു കുടുംബ ചരിത്രത്തിലൂടെ കേരള ചരിത്രത്തിന്റെ വിവിധ മേഖലകളിലേക്കും സംസ്കാരത്തിന്റെ ഗതിവിഗതികളിലേക്ക് ദേശപാരമ്പര്യ ആചാരാനുഷ്ഠാനങ്ങളിലേക്കും കടന്നു ചെല്ലുവാൻ കഴിയുന്ന ഒരു പരമ സഹായിയാണ് ഈ ഗ്രന്ഥം.

കുടശ്ശനാട്ടുകാരനായ ഈ എനിക്ക് എന്റെ നാടിന്റെയും എന്റെ കൂടപ്പിറപ്പുകളുടെയും എന്റെ നാട്ടിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും മഹിമ ഈ കുടുംബചരിത്രത്തിലൂടെ വെളിവായി കാണുന്നതിൽ വളരെ സന്തോഷമുണ്ട്. എന്നെ സംബന്ധിച്ച് ഇത് ആനന്ദവും അഭിമാനം തന്നെയാണല്ലോ.

ഈ ഗ്രന്ഥരചനയിൽ അദ്ധ്വാനിച്ച എല്ലാവർക്കും നന്മകൾ നേരുന്നു. നമ്മുടെ ക്രിസ്തീയ സാക്ഷ്യം പൂർത്തീകരിക്കാൻ നമ്മുടെ പൂർവ്വികർക്കെന്ന പോലെ നമുക്കും ദൈവം ശക്തി നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശീസുകളോടെ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ



www.malankaralibrary.com

MOST REV. JOSHUA MAR IGNATHIOS
Auxiliary Bishop of Trivandrum

MAJOR ARCHBISHOP'S HOUSE
TRIVANDRUM-695 004, KERALA, INDIA
PHONE: 0471-2541642, 2541643
(PER) : 0471-2544946
FAX : 471-2541635
E-mail: archbp03@md3.vsnl.net.in
marignathios@yahoo.co.in



# ആശംസ

രണ്ടാം വത്തിക്കാൻ കൗൺസിൽ 'ഗാർഹിക സഭ' എന്ന് വിശേഷിപ്പിച്ച 'കുടുംബ'ത്തിന് സഭയിലും സമുഹത്തിലും സമുന്നത സ്ഥാനം ഉണ്ട്. കുടുംബ ഭദ്രത സമൂഹത്തിന്റേയും, സഭയുടേയും കെട്ടുറപ്പിന് ആവശ്യമാണെന്ന് സഭ കരുതുന്നു. സ്നേഹത്തിൽ ഒന്നിപ്പിക്കപ്പെടുന്ന, ക്രിസ്തുവിനാൽ അനുഗ്രഹിക്കപ്പെടുന്ന കുട്ടായ്മയാണ് കുടുംബം.

അന്യോന്യം സ്നേഹിച്ച്, അംഗീകരിച്ച്, പങ്കുവെച്ച്, മുന്നോട്ടു പോകുന്ന കുടുംബം ഒരു യഥാർത്ഥ കൂട്ടായ്മയുടെ സാക്ഷ്യം നൽകുന്നു. ഇത്തരമൊരു സുഹൃദ് ബന്ധത്തിനു മാത്രമേ. ക്രിസ്തീയ മുല്യങ്ങൾ, പ്രകാശമാനമാകത്തക്ക വിധത്തിൽ ലോകത്ത് ഉയർത്തിപ്പിടിക്കാനാവു. യഥാർത്ഥ മാനുഷികതയുടെ പഠനക്കളരിയാണ് കുടുംബം.

പഴമയുടെ ഏടുകൾ പരിശോധിച്ചാൽ, സഭയിലും, സമൂഹത്തിലും, സമുന്നതരായ നേതാക്കളെ സംഭാവന ചെയ്ത ഒരു അനുഗ്രഹീത കുടുംബമാണ് കുടശ്ശനാട് മുളപ്പോൺപ്പള്ളി പണ്ടാരത്തിൽ കുടുംബം. കേരളത്തിന്റെ ആധ്യാത്മിക രംഗത്ത് പ്രശോഭിച്ച വന്ദ്യ തോമ്മാ കത്തനാര്, വന്ദ്യ ചാക്കോ കത്തനാര് എന്നിവർ ഈ കുടുംബത്തിലെ അംഗങ്ങളാണ് എന്നതിൽ നമുക്ക് സന്തോഷമുണ്ട്.

മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യ ചരിത്രം പരിശോധിച്ചാൽ, കുടശ്ശനാട് പ്രദേശത്ത്, ആദ്യമായി പുനരൈക്യപ്പെട്ടവർ ബഹുമാന്യ ജേക്കബ് മുളപ്പോൺപ്പള്ളി അച്ചനും, ബഹുമാന്യ മുളപ്പോൺപ്പള്ളി തേവരേത്തുകിഴക്കേതിൽ ചാക്കോച്ചനും ആണെന്ന് മനസ്സിലാക്കാൻ കഴിയും. ഇടവകയ്ക്കും ഇവർ നൽകിയ സേവനങ്ങളെ നാം നന്ദിപൂർവ്വം സ്മരിക്കുന്നു.

പിതാക്കൻമാരുടെ കാലം മുതൽ ആണ്ടുതോറും കന്നി 11-ന് (സെപ്റ്റംബർ 29) മുളപ്പോൺപ്പള്ളി കുടുംബം പുർവ്വികരെ സ്മരിക്കുന്നു എന്നതിൽ നമുക്ക് സന്തോഷമുണ്ട്. ഈ വർഷം ഇതിനോടനുബന്ധിച്ച് പ്രകാശനം ചെയ്യുന്ന മുളപ്പോൺപ്പള്ളി കുടുംബചരിത്രത്തിന് എല്ലാവിധമായ ഭാവുകങ്ങളും നേരുന്നു.

കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേകിച്ച് എന്റെ സുഹൃത്തായ ശ്രീ ജോയിച്ചനും എന്റെ എല്ലാവിധമായ അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

പ്രാർത്ഥനാനുഗ്രഹങ്ങളോടെ,

+ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്
തിരുവനന്തപുരം സഹായമെത്രാൻ



www.malankaralibrary.com

**Alexander Jacob I.P.S.**
Puthenveettil, Thumpamon
M.A (English), M.A. (History)
M.A (Politics, M.A. (Sociology)

## സന്ദേശം

17 - 9 - 06

കുടുംബം സമൂഹത്തിന്റെ ഏറ്റവും വലുതായ കണ്ണിയാണ്. ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ പാരമ്പര്യങ്ങളിലൊന്ന്, കുടുംബം സംബന്ധിച്ചുള്ളതാണ്. ഭാരതീയ ഇതിഹാസങ്ങളിൽ സൂര്യവംശത്തിന്റേയും. വംശാവലി വിശദമായി പ്രതിപാദിക്കുന്നു. കുടുംബ ചരിത്രം ഏറ്റവും ഭംഗിയായി ചിട്ടയായി എഴുതിവച്ചിരുന്നത് ഈജിപ്റ്റിലെ ഫറവോമാരാണ്. കുടുംബ ചരിത്രം യഥാർത്ഥത്തിൽ വേർതിരിയുന്നത്, ഗോത്ര ചിന്താഗതി ഏറ്റം ഉശിരോടെ കാത്തുസുക്ഷിച്ചിരുന്നത് യഹൂദന്മാരുടെ പഴയനിയമത്തിലാണ്. മനുഷ്യരെല്ലാവരും ഈ വംശാവലി കാത്തുസുക്ഷിക്കാൻ തത്രപ്പെടുന്നവരാണ്.

മുളപ്പോൺപള്ളി പണ്ടാരത്തിൽ എന്ന പഴയ തറവാടിന്റെ പഴമ കണ്ടെത്തി ആയതിന്റെ പവിത്ര പാരമ്പര്യം കാത്തുസൂക്ഷിച്ച് ജീവിതത്തിൽ മുന്നേറുവാൻ കുടുംബത്തിലെ ഓരോ അംഗത്തിനും കഴിയണം. വൈകിയെങ്കിലും ഒരു കുടുംബചരിത്രാന്വേഷണത്തിലേക്കും ചരിത്രത്തിന്റെ ഏടുകളിലേക്ക് ഒരു എത്തിനോട്ടത്തിലേക്കും നിങ്ങളെ നയിച്ചു എന്ന് കാണുന്നതിൽ അനല്പമായ സന്തോഷം എനിയ്ക്കുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിലൂടെ ഈ കുടുംബാംഗങ്ങൾ കുടുംബത്തിന്റെ നെടുംതൂണായി വർത്തിച്ച വന്ദ്യ കോശിത്തരകനപ്പൂപ്പന്റെ ശ്രാദ്ധം കന്നിമാസം 11 ന് ഒരിടത്ത് സമ്മേളിച്ച് തിരുബലിയർപ്പിച്ച് പ്രാർത്ഥിച്ച് ഭക്ഷണം കഴിച്ചു വന്നിരുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. ഇത്രമാത്രം പൗരാണികത്വം അവകാശപ്പെടാവുന്ന കുടുംബയോഗങ്ങൾ വളരെ വിരളമായിരിക്കുമെന്നും ഞാൻ കരുതുന്നു.

മുളപ്പോൺപള്ളിൽ പരേതനായ വന്ദ്യജേക്കബ്ബ് തരകനച്ചൻ എന്റെ പിതാവിന്റെ മാവനാണ്. എന്റെ ബാല്യകാലത്ത് എന്റെ വല്യമാവി (അച്ചന്റെ ബസ്ക്യാമ്മ) യുടെ കുടെ ആ പഴയ തറവാട്ടിൽ വന്ന് താമസിച്ച കാര്യം അതീവ സന്തോഷത്തോടെ ഇന്നും ഓർക്കുന്നു.

മുളപ്പോൺപള്ളി തരകനാരും പുത്തൻവീട്ടിൽ അവനാധാരും തമ്മിലുള്ള ബന്ധവും കേട്ടുകേൾവി മാത്രമല്ല, ഇപ്പോഴും തുടർന്നുവരുന്ന സത്യമത്രേ. വൈദീകകുലപതികളായ മുളപ്പോൺപള്ളിയിലെ വന്ദ്യ. കത്തനാരു തോമാ, കത്തനാരു ചാക്കോ, ആചാര്യന്മാരെ, വിശിഷ്യ ഭാഗ്യസ്മരണാർഹനായ കോശിത്തരകനച്ചനപ്പൂപ്പനെ പ്രദാനം ചെയ്ത ഈ കുടുംബം ഏറ്റവും ധന്യയത്രേ.

വരുംകാലങ്ങളിൽ ഈ വലിയ തറവാടിന്റെ സംക്ഷിപ്ത ചരിത്രം എത്തി നോട്ടത്തിൽ നിന്ന് സമ്പൂർണ്ണ ചരിത്രം പ്രസിദ്ധീകരിപ്പാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം സർവ്വവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.



www.malankaralibrary.com

**എം. സുകുമാരപിള്ള**
ഉടയാൻപറമ്പിൽ
കുടശ്ശനാട്

മുളപ്പോൺപള്ളി കുടുംബാംഗങ്ങൾ പതിവിൻപടി വീണ്ടും ഒത്തുകൂടുന്നു. ചരിത്രത്തിന്റെ മുൻതാളുകൾ മറിയുമ്പോൾ പ്രാമുഖ്യത്തിന്റെയും പ്രൗഢിയുടേയും വിവരണപ്പട്ടികയിൽ ഈ കുടുംബത്തിന് പ്രസക്തമായ പങ്കുണ്ട്. സ്റ്റേറ്റ് ആർക്കൈവ്സിലും നൂറ്റാണ്ടുകൾക്ക് മുമ്പുള്ള റവന്യൂ സർവ്വേ രേഖകളിലും സജീവമായി കടന്നുകയറാൻ അവസരം ലഭിച്ച അനാദി കുടുംബങ്ങളിലൊന്നാണിത്. ആദ്യനാൾ മുതൽ മുടക്കം ഒഴിവാക്കി വൈദിക കുലപതികൾ നേതൃത്വ നിയന്ത്രണം നിർവ്വഹിച്ച ശാഖ. റവന്യൂ രേഖകളിൽ മുളപ്പോൺപള്ളി കത്തനാരുടെ കുടുംബവും തിരുമണി മംഗലം ക്ഷേത്രവും ഒരേ സർവ്വേ നമ്പർ പട്ടികയിൽ ഉൾപ്പെടാൻ ഇടവന്നത് എന്ത് നിയോഗമാണ്? ഇത് കേവലം യാദൃശ്ചികമല്ല; ചരിത്രം ഒരുക്കിയ കെട്ടുബന്ധം തന്നെ. വൈദിക ശ്രേഷ്ഠൻമാർ കേവലം കുടുംബപതികളല്ല, ക്രൈസ്തവാരാധനാലയത്തിന്റെ ആദ്ധ്യാത്മിക കുലപതികളാണ്. "മുളപ്പോൺപള്ളി" ആദ്യനാൾ മുതൽ ക്രൈസ്തവ ദേവാലയം. അതേ പട്ടിക ഭൂമിയിൽ അകലെയല്ലാതെ തിരുമണിമംഗലം ഹൈന്ദവ ക്ഷേത്രം. ഉദാത്തമായ മത മൈത്രിയോടെ, സഹിഷ്ണുതയോടെ, സഹവർത്തിത്ത ബോധത്തോടെ സമരസപ്പെട്ടു കഴിഞ്ഞിരുന്ന ഇരു ആരാധനാലയങ്ങൾ! കാലികലോക ജീവിതത്തിൽ അസഹിഷ്ണുതയും മത വിശ്വാസത്തിന്റെ പേരിൽ കാലുഷ്യവും, സംഘർഷവും, സംഘട്ടനവും നിത്യസംഭവങ്ങളായി ബോധ്യപ്പെടുമ്പോൾ, നൂറ്റാണ്ടുകൾക്ക് മുൻപ് നിലനിന്നിരുന്ന തീവ്ര സാഹോദര്യത്തിന്റെയും പൊരുത്തപ്പെടലിന്റെയും പുത്തൻ ഉണർവ് ബോധം തൊട്ടറിയിക്കുന്ന പൂർവ്വകാല സ്മരണ ഈ കുടുംബ സംഗമത്തിന് തീവ്ര പ്രചോദനം പകരും തീർച്ച.

18-09-06 **എം. സുകുമാരപിള്ള**



www.malankaralibrary.com

# യുവതലമുറയുടെ പ്രതികരണം



Biju Pappachan
Software Engineer
No.36. TMP Nagar
Padi, Madras
(at California, USA)

---

20th September 2006

Dear Members,


Nice to see such a celebration coming up and I will be glad to be a part of this. It will be useful for our generation to at least know our dear ones. Hope to see you all in much more flourishing way for the upcoming days.

with regards
Biju Pappachan



www.malankaralibrary.com

## EXECUTIVE COMMITTEE MEMBERS OF THE 'KUDUMBA YOGAM'



1) P.T. Mathew (Treasurer) (2) K. Joy (Secretary) (3) Fr. S. Jacob (President)
(4) George Varghese (Patron) (5) C. Daniel (C.M.)


www.malankaralibrary.com

# COMMITTEE MEMBERS OF THE 'KUDUMBA YOGAM'




Sitting : (1) K. Joy (2) P. T. Mathew (3) George Varghese (4) Fr. S. Jacob (5) C. Daniel
Standing : (1) Yohannan Varghese (2) T.G. George (3) K. Georgekutty (4) K. Samuel (5) Jacob Tharakan
(6) T. Daniel Thuruthel (7) Philip Tharakan (8) C. Kunjukutty

www.malankaralibrary.com



**Lt. Col. K. C. George ( Rtd.)**
Chairman, Advisory Committee
Mulapponpally Fr. Koshy Tharakan Memorial
Charitable Trust



**Miss. Anna Tharakan**
Member - Advisory Committee
D/o. Joy Koshy
Thevarathu Kizhakkethil
(Law Acadamy, Trivandrum)



www.malankaralibrary.com

# കുടുംബചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

## ക്രിസ്തുമതം കേരളത്തിൽ

ഫാ. എസ്. ജേക്കബ്

ലോകരക്ഷകനായ യേശുനാഥന്റെ അരുമശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ തന്റെ ഗുരുവിന്റെ അന്ത്യശാസനം ശിരസ്സാവഹിച്ച് ക്രിസ്തുവർഷം 52 ൽ കേരളത്തിന്റെ പശ്ചിമകവാടമായ കൊടുങ്ങല്ലൂർ തുറമുഖത്ത് വന്നിറങ്ങി. യഹൂദൻമാരോടും പന്നീട് പ്രാചീന കേരളത്തിലെ വിഭിന്നജാതിക്കാരോടും അദ്ദേഹം ക്രിസ്തുവിന്റെ സുവാർത്ത പ്രസംഗിച്ചു. സത്യവിശ്വാസത്തിന്റെ തങ്കക്കിരണങ്ങൾ അനേകരുടെ അന്ധകാരമയമായ ഹൃദയങ്ങളിലേക്ക് ഊർന്നിറങ്ങി. ആ ദിവ്യപ്രകാശത്തിലേക്കാകർഷിക്കപ്പെട്ട അനേകർ ജ്ഞാനസ്നാനമേറ്റ് സത്യ ക്രിസ്ത്യാനികളായിത്തീർന്നു. മലയാങ്കര,പാലൂർ, പറവൂർ (കോട്ടക്കായൽ), ഗോക്കമംഗലം, നിരണം, ചായൽ (നിലയ്ക്കൽ), കുരക്കേണിക്കൊല്ലം (കൊല്ലം) എന്നീ ഏഴ് സ്ഥലങ്ങളിൽ അദ്ദേഹം പള്ളികൾ സ്ഥാപിച്ചു. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ നാല് ബ്രാഹ്മണ ഇല്ലങ്ങളിൽപ്പെട്ടവരെ ജ്ഞാനസ്നാനം നൽകി പൗരോഹിത്യപട്ടം കൊടുത്തു. ഇങ്ങനെ പശ്ചിമതീരത്ത് ഒരു ക്രൈസ്തവ സഭ സ്ഥാപിതമായി. അനന്തരം ശ്ലീഹാ ഭാരതത്തിന്റെ പൂർവ്വതീരത്തേക്ക് യാത്രയായി എന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു. തന്റെ ജീവൻപോലും തൃണവത്കരിച്ചുകൊണ്ട് തന്റെ ഗുരുവിന്റെ കല്പന അക്ഷരംപ്രതി പാലിക്കാൻ ദത്തശ്രദ്ധനാവുകയും ഒടുവിൽ രക്തസാക്ഷി മരണം വരിക്കുകയും ചെയ്തുവെന്ന വസ്തുത ഏവർക്കും സുപരിചിതമാണല്ലോ.

ആദിമ നൂറ്റാണ്ടിൽ ക്രിസ്താനികളായ ആഢ്യബ്രാഹ്മണരിൽ പ്രധാനികൾ കള്ളി അഥവാ പള്ളി കാളിക്കാവ്, ശങ്കരപുരി, പകലോമറ്റം, കോയിക്കര മാടപ്പൂർ, വൈമ്പിള്ളി, കോട്ടക്കര, കോലിക്കര, കാടപുരം ആദിയായ 32 ഇല്ലങ്ങളിൽപ്പെട്ടവരായിരുന്നു. *1 ഇവരിൽ ആദ്യം പ്രസ്താവിച്ച നാല് ഇല്ലക്കാരുടെ നാമധേയം കേരള സഭാചരിത്രത്തിൽ അഭംഗമായി നിലനിന്ന് പോരുന്നു. ഈ കുടുംബക്കാരിൽ ഒട്ടുമിക്കവരെയും വിശുദ്ധ ശ്ലീഹാ വൈദികരായും വൈദിക മേലദ്ധ്യക്ഷന്മാരായും നിയമിച്ചുവെന്ന വസ്തുതയാണ് അതിന് കാരണം.

തിരുവിതാംകൂറിലെ ആദിമ ക്രിസ്ത്യാനികൾക്ക് മറ്റുസ്ഥലങ്ങളിലുണ്ടായതുപോലെ സ്വജനങ്ങളിൽ നിന്നും ശത്രുക്കളിൽ നിന്നും നിരന്തരമായി പീഡനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. തന്നിമിത്തം അവരിൽ ചിലർ ദേശാന്തര ഗമനം ചെയ്തതായും അന്യദേശങ്ങളിൽ കുടിയേറിപാർത്തതായും ചരിത്രം ഘോഷിക്കുന്നു.

---

*1 *The Asiatic Societys Journal Vol. 1 Page 174. Anthropology of Syrian Christians, pp 2.3*



www.malankaralibrary.com

ഏ.ഡി 345-ൽ ക്നായിത്തോമാ *2 എന്ന വാണിജ്യപ്രമുഖൻ സിറിയയിലെ എഡേസാ എന്ന നഗരത്തിൽ നിന്നുള്ള 72 കുടുംബങ്ങളിലെ 400 അംഗങ്ങളുമായി കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. അദ്ദേഹത്തിന്റെ വരവോടുകൂടി ക്രിസ്ത്യാനികളുടെ രാഷ്ട്രീയവും സാമൂഹികവുമായ നിലയ്ക്ക് ഒരു പ്രാമുഖ്യവും ഭദ്രതയും കൈവന്നതായി കാണുന്നു. അന്ന് നാടുവാണിരുന്ന പെരുമാക്കൻമാരിൽ നിന്ന് അദ്ദേഹം ക്രിസ്ത്യൻ സമുദായത്തിന് പല അധികാരാവകാശങ്ങളും പദവികളും ആർജ്ജിക്കുകയും അവയെല്ലാം ചെപ്പേടുകളിലെഴുതി വാങ്ങുകയും ചെയ്തു. ഉദാ : സ്ഥാണു രവി വർമ്മ എന്ന രാജാവ് തുല്യം ചാർത്തികൊടുത്ത 'തരിസാപ്പള്ളി ചെപ്പേട് ' *3

കേരള ക്രിസ്ത്യാനികൾ ഇപ്രകാരം ഔന്നത്യത്തിലേക്ക് കുതിക്കവേ അവരിൽ തന്നെ ഒരു രാജവംശം ഉണ്ടാവുകയും ' വില്യാർ വട്ടം' *4 ചക്രവർത്തി എന്ന പേരിൽ ആ രാജവംശം ക്രിസ്ത്യാനികളുടെ ആത്മീയവും ലൗകികവുമായ ഭരണചുമതല നടത്തിപ്പോവുകയും ചെയ്തു. പോർച്ചുഗീസുകാരുടെ രംഗപ്രവേശനത്തോടുകൂടിയാണ് ആ രാജവംശം അന്യംനിന്നുപോയതെന്ന് ചരിത്രകാരൻമാർ സാക്ഷ്യപ്പെടുത്തുന്നു.

പറങ്കികൾ കേരളത്തിൽ വന്നപ്പോൾ ആചാരങ്ങളിലും കർമ്മാനുഷ്ഠാനങ്ങളിലും തങ്ങളിൽ നിന്ന് വ്യത്യസ്തമായി വർത്തിക്കുന്ന ഒരു ക്രൈസ്തവ സമൂഹത്തെയാണ് ഇവിടെ കാണാനിടയായത്. സ്വന്തം ആരാധനാക്രമത്തോടുള്ള അതിഭക്തിമൂലമോ, സുറിയാനി ക്രമത്തിലുള്ള അജ്ഞത മൂലമോ, സുറിയാനി ക്രിസ്ത്യാനികളുടെ ആചാരാനുഷ്ഠാനങ്ങളെ പരിഷ്കരിക്കുന്നതിന് സുറിയാനി ക്രമത്തിനു പകരം ലത്തീൻക്രമം ഏർപ്പെടുത്തുന്നതിനും സഭാഭരണം വിദേശികളായ മേലദ്ധ്യക്ഷൻമാരിൽ സമർപ്പിക്കുനതിനും പോർച്ചുഗീസ് മിഷ്നറിമാർ അത്യുത്സാഹം കാട്ടി. മലങ്കര സഭയിലുണ്ടായ ഭിന്നതയ്ക്കും ഇടർച്ചയ്ക്കും ബീജാവാപം ചെയ്തതിങ്ങനെയാണ്. സാമൂഹികമായി ഉന്നത ശ്രേണിയിൽ നിന്ന ക്രിസ്ത്യാനികൾ ഒറ്റക്കെട്ടായി നിന്ന് ഈ പരിഷ്കരണശ്രമത്തെ നഖശിഖാന്തം എതിർത്തു. " ഉദയം പേരൂർ സുന്നഹദോസ് ", ' കൂനൻ കുരിശ് സത്യം ' എന്നീ സുപ്രധാന സംഭവങ്ങൾ കേരള ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ് അന്നും

---

**2 Anthropology of Syrian Christians, pp 179,180*

**3 ഇവ 72 പദവികൾ*

**4 The Asiatic Societys Journel Vol.1 P.P 179-180*

*കേരളത്തിൽ നിലനിന്ന ഒരു ക്രൈസ്തവ രാജവംശമായിരുന്നു 'വില്യാർവട്ടം' ആദ്യആസ്ഥാനം കൊടുങ്ങല്ലൂരിന് തെക്കുള്ള ചേന്ദമംഗലം. 9-ാം നൂറ്റാണ്ടിൽ ആസ്ഥാനം വൈക്കത്തിന് സമീപമുള്ള ഉദയംപേരുരിലേക്ക് മാറ്റി. ഏ.ഡി.1500 ന് അടുത്ത് ഈ രാജവംശത്തിൽ പുരുഷൻമാർ ഇല്ലാതാകുകയും രാജ്യം കൊച്ചീ രാജാവിന്റെ ഭരണാധികാര്യത്തിൽ ലയിക്കുകയും ചെയ്തു.*



www.malankaralibrary.com

ഇന്നും എന്നും. സമുദായമൈത്രിയുടേയും ഐക്യമത്യത്തിന്റെയും ഉത്തമോദാഹരണമായി ഇന്നും അവ പ്രശോഭിക്കുന്നു.

പ്രാചീന കേരളീയ ക്രിസ്ത്യാനികളുടെ സാമൂഹിക നിലയെ ചരിത്രകാരൻമാർ അതീവ പുളകം നിറഞ്ഞ വാക്കുകളിൽ ചിത്രീകരിച്ചിട്ടുണ്ട്. ഏഷ്യാറ്റിക് സൊസൈറ്റി ജേർണ്ണലിൽ ' ക്യാപ്റ്റൻ ചാൾസ് സ്പൺസ്റ്റൺ എഴുതിയിട്ടുള്ള' മലയാളത്തിലെ പ്രാചീന സഭയെപ്പറ്റിയുള്ള സ്മരണകളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അവരുടെ ഭടൻമാർക്ക് നായൻമാരെക്കാളും പ്രഭുക്കളെക്കാളും മുൻഗണന നൽകിയിരുന്നു. രാജ്യത്തിലെ രാജാക്കൻമാർക്കുണ്ടായിരുന്ന കൃതജ്ഞതയോ ഭയമോമൂലം പാരമ്പര്യമായി അവർക്കു ലഭ്യമായിരുന്ന അവകാശങ്ങൾ അപ്പോഴും ബഹുമാനിക്കപ്പെട്ടിരുന്നു. അവർ ഒരു ഹൈന്ദവ ചക്രവർത്തിക്ക് വിധേയരായിരുന്നുവെങ്കിലും അങ്കമാലി ആസ്ഥാനമായുള്ള മെത്രാനാണ് അവരെ ഭരിച്ചിരുന്നത്. ഒരു 'പേയ്ഗൺ' *5 രാജാവിന് തന്റെ രാജ്യത്ത് എത്ര അധികാരം ക്രിസ്ത്യാനികളോടുണ്ടോ അത്ര അധികമായി അദ്ദേഹത്തെ ഭയപ്പെടുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. മുമ്പ് ചേരമാൻ പെരുമാളിൽനിന്ന് ലഭിച്ചിട്ടുള്ള പദവികളാൽ ക്രിസ്ത്യാനികൾക്ക് രാജ്യത്തിലെ ഉത്കൃഷ്ട വർഗ്ഗമായ നായൻമാരെക്കാൾ മുൻഗണന ഉണ്ടായിരുന്നു. "ചക്രവർത്തിമാർ തന്നെയും അസാധാരണ വണക്കം കാട്ടുന്ന ബ്രാഹ്മണർ കഴിഞ്ഞാൽ പ്രഥമ സ്ഥാനം അവർക്ക് (സുറിയാനി ക്രിസ്ത്യാനികൾക്ക്) ആണ് കൊടുത്തിരുന്നത്. രാജ്യത്തിലെ നിയമങ്ങൾ അനുസരിച്ച് തട്ടാൻമാർ, മൂശാരിമാർ, ആശാരിമാർ, കൊല്ലൻമാർ ഇവരുടെയെല്ലാം സംരക്ഷകൻമാർ ക്രിസ്ത്യാനികളായിരുന്നു. തെങ്ങ് കൃഷിക്കാരായ 'പെയ്ഗൺ' *6 ജാതിക്കാർ ക്രിസ്ത്യാനികളുടെ കീഴിൽ ഒരു സൈന്യമായിരുന്നു. തങ്ങളുടെ ശ്രേഷ്ഠതയും വിശുദ്ധിയും കാത്തുസൂക്ഷിക്കുന്നതിനായി ക്രിസ്ത്യാനികൾ താഴ്ന്ന ജാതിക്കാരായ ഒരുത്തനേയും -ഒരു നായരെപ്പോലും ഒരിക്കലും തൊട്ടിരുന്നില്ല. നായൻമാർ സുറിയാനി ക്രിസ്ത്യാനികളെ അത്യധികമായി ആദരിക്കുകയും അവരുടെ സഹോദരൻമാരായി ഗണിക്കപ്പെടുന്നത് ഒരു ബഹുമാനമായി കരുതുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികളുടെ ചില പദവികൾ ഏതാണ്ട് അവരുടെ രാജാക്കൻമാർക്ക് തുല്യമായ നിലയിൽ അവർക്കു നൽകുന്നു. രാജാവിന്റെയും അവരുടെ മന്ത്രിമാരുടേയും സമക്ഷം ഒരേ പരവതാനിയിൽ പോലും അവർ ഇരിക്കുന്നു. ഇത്

---

**5 ഏ.ഡി 345 –1653 വരെ മലങ്കര സഭയുടെ സാക്ഷാൽ അധികാരി അർക്കദിയാക്കോൻ (Arkhediakon-Arch-Deacon-മുഖ്യ സചിവൻ) ആയിരുന്നു. അദ്ദേഹത്തിന്റെ തലസ്ഥാനം ആദ്യം കൊടുങ്ങല്ലൂർ പിന്നീട് അങ്കമാലി.*

**6 പെയ്ഗൺ എന്ന വാക്കിന് അവിശ്വാസി, വിഗ്രഹാരാധകൻ എന്നർത്ഥം The Asiatic Societys Journel Vol.1 P.P 180-181 'വീര രാഘവപട്ടയം' P.P 61,62 by M.O. Joseph നെടുംകുന്നം.*



www.malankaralibrary.com

രാജപ്രതിനിധികൾക്കുമാത്രം അനുവദിച്ചിട്ടുള്ള ഒരു പദവിയാകുന്നു".

റാവുബഹദൂർ. ശ്രീ.എൻ.കെ.അനന്തകൃഷ്ണയ്യർ ബി.എ.എൽ.റ്റി എഴുതിയിട്ടുള്ള "സുറിയാനി ക്രിസ്ത്യാനികളുടെ നരവംശ ശാസ്ത്രം" എന്ന ഗ്രന്ഥത്തിൽ നിന്നു ഒരു ഭാഗം കൂടെ ഇവിടെ ഉദ്ധരിക്കട്ടെ. സുറിയാനി ക്രിസ്ത്യാനികൾ മുൻകാലങ്ങളിലും ഇപ്പോഴും സമൃദ്ധമായ ഒരു സമുദായ മാകുന്നു. മുൻകാലങ്ങളിൽ അവരുടെ സാമുദായികവും സൈനികവുമായ സ്ഥിതി ഏറ്റം രസകരമായിരുന്നു. കേരളത്തിലെ ഉന്നതവർഗ്ഗക്കാരുടെ ശ്രേണി യിലാണ് അവരെ കണക്കാക്കിയിരുന്നത്. അവർക്ക് നായൻമാരെക്കാൾ മുൻഗ ണനന ഉണ്ടായിരുന്നു. രാജനന്ദനൻമാർ, എന്ന പേരിലല്ലാതെ മറ്റു യാതൊരു പേരിലും വിളിക്കപ്പെടാതിരിക്കാനുള്ള ഒരു പ്രത്യേക അവകാശം അവർക്ക് ലഭ്യമായിരുന്നു."

വിവാഹാടിയന്തരങ്ങളിൽ മുടിച്ചുരുളുകളിൽ പൊന്നുകൊണ്ടുള്ള പൂക്കൾ ധരിക്കുന്നതിനും ആനപ്പുറത്ത് സവാരി ചെയ്യുന്നതിനും, മുറിയ്ക്കകം പരവതാനികൊണ്ട് അലങ്കരിക്കുന്നതിനും അവർക്ക് അനുവാദം ഉണ്ടായിരു ന്നു. കമ്മാള വർഗ്ഗക്കാരുടെ സംരക്ഷണാവകാശം അവർക്കാണ് നൽകപ്പെ ട്ടതും തെങ്ങു കൃഷിയുടെ മേലന്വേഷണം അവരുടെ ദാസൻമാർക്കായിരു ന്നു. ഇവരെ (ദാസൻമാരെ) ആരെങ്കിലും ഉപദ്രവിക്കുകയോ ഇവരുടെ തൊഴി ലിനെ മറ്റു വിധത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്താൽ ഇവർ ക്രിസ്ത്യാ നികളോട് സങ്കടം ബോധിപ്പിക്കുകയും ക്രിസ്ത്യാനികൾ ഇവരെ പരിരക്ഷി ക്കുകയും സങ്കടനിവൃത്തി വരുത്തുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികൾ രാജാവിന്റെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. അവർ യാതൊരു ഇടപ്രഭു വിനും കീഴ്പ്പെട്ടിരുന്നില്ല. ഒരു ഹിന്ദു ഒരു ക്രിസ്ത്യാനിയെ കൈയ്യേറ്റം ചെയ്താൽ കുറ്റത്തിന്റെ ഗൗരവമനുസരിച്ച് സ്വർണ്ണംകൊണ്ടോ, വെള്ളി കൊണ്ടോ നിർമ്മിതമായ ഒരു 'കൈ' പള്ളിക്ക് ദാനം ചെയ്തെങ്കിൽ മാത്രമേ ആ കുറ്റം ക്ഷമിക്കപ്പെട്ടിരുന്നുള്ളൂ. അല്ലാത്ത പക്ഷം ആ കുറ്റത്തിന് അയാ ളുടെ രക്തം കൊണ്ട് പരിഹാരം ചെയ്തിരുന്നു. അവരുടെ പദവിയ്ക്ക് അപ മാനമായിരുന്നതിനാൽ അവരേക്കാൾ താണസ്ഥിതിയിലുള്ള ആരെയും അവർ അഭിവാദനം ചെയ്തിരുന്നില്ല. അവർ റോഡുകളിൽ കൂടി യാത്ര ചെയ്യുമ്പോൾ മറ്റുള്ളവരെ ദൂരെവച്ചു തന്നെ അഭിവാദനം ചെയ്തിരുന്നു. ആരെങ്കിലും ഇങ്ങോട്ട് അപ്രകാരം ചെയ്യാതിരുന്നാൽ അവർ തൽക്ഷണം വധിക്കപ്പെട്ടിരു ന്നു.

സൈനിക വർഗ്ഗക്കാരായ നായന്മാർ അവരെ സോദരന്മാരെപ്പോലെ കരുതുകയും അത്യന്തം ബഹുമാനിക്കുകയും ചെയ്തു. എല്ലാ സമുദായ ക്കാർക്കും "അമുച്ചി" *7 എന്ന് വിളിക്കപ്പെടുന്ന പ്രത്യേക ഭടൻമാർ ഉണ്ടായി

**7 ശ്രീ.എം.ഒ. ജോസഫിന്റെ 'വീരരാഘവപട്ടയം" ഒരു നിരൂപണം എന്ന ഗ്രന്ഥത്തിൽ നിന്ന് P.P. 63-66*



www.malankaralibrary.com

രുന്നു. തങ്ങളുടെ സംരക്ഷണതയിലുള്ള ആളുകളേയും സ്ഥലങ്ങളേയും സ്വജീവൻ ബലികഴിച്ചും സംരക്ഷിപ്പാൻ ഇവർ പ്രതിജ്ഞാബദ്ധരായിരുന്നു. ഇവർ വിശ്വസ്തരും ജാഗ്രതയുള്ളവരും സ്നേഹശീലരും ആയിരുന്നു. ഇവർ ക്രിസ്ത്യാനികളെ ആദരിച്ചിരുന്നു.

ക്രിസ്ത്യാനികളുടെ സമക്ഷം ഇരിക്കുന്നതിന് ക്ഷണിക്കപ്പെടാതെ ഇവർ ഒരിക്കലും ഇരുന്നിരുന്നില്ല. ക്രിസ്ത്യാനികൾ അതിബലവാന്മാരും അതിശക്തരുമായിരുന്നു. അവരുടെ മെത്രാൻമാരെ രാജാക്കൻമാരെപ്പോലെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. വീടിന് ഒരു 'പടിപ്പുര' ഉണ്ടാകുക എന്നതും ബ്രാഹ്മണരുടെ ഒരു സവിശേഷാവകാശമായിരുന്നു. ഇതേ വിശേഷാവകാശം ക്രിസ്ത്യാനികൾക്കും നൽകപ്പെട്ടിരുന്നു. രാജാക്കൻമാരുടെയും പ്രധാന ഉദ്യോഗസ്ഥൻമാരുടെയും കൂടെ അവർക്ക് ഇരിപ്പിടം നൽകിയിരുന്നു.പരവാതാനിയിൽ ഇരിക്കുകയെന്ന രാജപ്രതിനിധികൾക്കുള്ള വിശേഷാവകാശം അവർക്കും നൽകപ്പെട്ടിരുന്നു. 16-ാം ശതകത്തിൽ തന്റെ രാജ്യത്തുള്ള നായൻമാർക്ക് ഈ വിശേഷാവകാശം നൽകുവാൻ പറവൂർ രാജാവ് ആഗ്രഹിച്ചപ്പോൾ സുറിയാനി ക്രിസ്ത്യാനികൾ എതിർപ്പ് പ്രകടിപ്പിക്കുകയും രാജാവ് അതിൽ നിർബന്ധം പിടിക്കുകയാൽ ഉടനെ തന്നെ രാജാവിനോട് യുദ്ധപ്രഖ്യാപനം നടത്തുകയും ചെയ്തുവെന്നതാണ് സത്യം. അവരുടെ എതിർപ്പിന് വിരോധമായി തന്റെ ആഗ്രഹം സാധിക്കുന്നതിനുള്ള അപ്രാപ്തി മനസ്സിലാക്കിയ മന്നവൻ പഴയ നടപടിപോലെ സംഗതികൾ വിടുന്നതിന് നിർബന്ധിതനായി; മുകളിൽ പ്രസ്താവിച്ച അവകാശങ്ങളും മാന്യതകളും നിമിത്തം അവരുടെ മെത്രാൻമാർക്ക് ഉൽകൃഷ്ടമായ ഒരു പ്രതാപം കൈവന്നിരുന്നു.

സുറിയാനി ക്രിസ്ത്യാനികൾ മിക്കവാറും അവരുടെ രാജാക്കൻമാരുടെ തുല്യനിലയുള്ളവരായിരുന്നു. സ്വന്തമായി സൈനികബലം ഉണ്ടായിരിക്കുന്നതിനുള്ള അനുവാദം അവർക്കുണ്ടായിരുന്നു. ഈ സൈന്യത്തിൽ അധികവും തെങ്ങുകർഷകരായ 'ചാന്നാർ' ജാതിക്കാരായിരുന്നു. രാജ്യത്തെ ഭരണകർത്താക്കൾ വളരെ ആദരവോടുകൂടിയാണ് അവരെ വീക്ഷിച്ചിരുന്നത്. തന്റെ രാജ്യത്തുള്ള സുറിയാനിക്കാരുടെ സംഖ്യ അനുസരിച്ചാണ് ഒരു ഏതദ്ദേശീയ രാജാവിനെ മറ്റുള്ളവർ ആദരിക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നതിനുള്ളത്, അവരുടെ പൊതുവായ വിശ്വസ്തതയും സത്യതൽപരതയും വൈഭവവും സൈനികബലവും നിമിത്തം ഭരണാധികാരികൾ എല്ലായ്പ്പോഴും അവരെ സംരക്ഷിക്കുകയും ആദരിക്കുകയും ചെയ്തു പോന്നു. രാജവാഴ്ചക്കാലത്ത് ക്രിസ്ത്യാനികൾ അനുഭവിച്ച ചില ആനുകൂല്യങ്ങളെക്കുറിച്ചും സ്ഥാനമാനങ്ങളെക്കുറിച്ചുമായിരുന്നല്ലോ മുകളിൽ സവിസ്തരം പ്രതിപാദിച്ചത്.



www.malankaralibrary.com

## സ്ഥാനമാനങ്ങൾ

രാജഭരണകാലത്ത് തങ്ങളുടെ അധികാര സീമയിൽ വസിക്കുന്ന നസ്രാണികൾക്ക് അനവധി സ്ഥാനങ്ങൾ നൽകപ്പെട്ടിരുന്നു. അവയിൽ തരകൻ, പണിക്കർ, പിള്ള (മഹാപിള്ള, മാപ്പിള), മുതലാളി തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ. പ്രാചീനക്കാലത്ത് തിരുവിതാംകൂർ സംസ്ഥാനം രൂപീകൃതമാകുന്നതിന് മുമ്പുള്ള തിരുവിതാംകോട്ട് സംസ്ഥാനത്തും ലഭിച്ചിരുന്ന സ്ഥാനങ്ങളാണിവ. 1821-ൽ പന്തളത്ത് രാജാവും മറ്റും അടുത്തൂൺപറ്റി പിരിയുകയുണ്ടായി. അതിന് ശേഷം കൊച്ചു കൊച്ചു രാജ്യങ്ങളെല്ലാം തിരുവിതാംകൂർ രാജാവിന്റെ ഭരണസീമയിൽ വന്നു. തിരുവിതാംകൂർ ചക്രവർത്തിയാണ് 'തരകൻ' *8 സ്ഥാനം നസ്രാണികൾക്കു കൊടുത്തത്. "ശ്രീ ശീകണ്ഠേശ്വരം എഴുതിയ "ശബ്ദ താരാവലിയിൽ" തരകൻ സ്ഥാനത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. 'സുറിയാനി ക്രിസ്ത്യാനികൾക്ക് രാജാവ് അനുവദിച്ചു കൊടുത്ത സ്ഥാനം.' 'തരകനോടുരിയാലുരി നെല്ല് നഷ്ടം, അരിവാളിന് ഉറയില്ല, തരകന് മുറയില്ല.' *9 എന്ന് തച്ചിൽ മാത്തു തരകന്റെ 'കനകകൊമ്പൻ' എന്ന കൃതിയിൽ സ്ഥാനമാനങ്ങളെക്കുറിച്ചും തരകൻ സ്ഥാനത്തെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

വർത്തക പ്രമുഖർക്കാണ് ഈ സ്ഥാനം നൽകപ്പെട്ടത്. പണിക്കർ എന്ന സ്ഥാനം ആയോധന വീരൻമാർക്കും പയറ്റു പഠിപ്പിക്കുന്ന കുടുംബങ്ങളിൽപ്പെട്ടവർക്കും നൽകിവന്നു.

## 'പള്ളിയും മുളപ്പോൺപള്ളിയും'

കേരളത്തിൽ ഹൈന്ദവേതര ആരാധനാലയങ്ങൾക്ക് പൊതുവേ പറയുന്ന നാമമാണ് 'പള്ളി' എന്നത്. ഗ്രാമം എന്ന അർത്ഥവും ഈ പദത്തിനുണ്ട്. ആദ്യം യഹൂദ, മുസ്ലീം, ബുദ്ധ ജൈനദേവാലയങ്ങൾക്കാണ് ഈ പേരുണ്ടായത്. പിന്നീട് ക്രിസ്ത്യൻ ദേവാലയങ്ങളും ഈ പേരിൽ അറിയപ്പെട്ടു. പ്രാചീന ക്രൈസ്തവർ പാർത്തിരുന്ന സ്ഥല നാമങ്ങളിലും പള്ളി നമുക്ക് ദർശിപ്പാൻ സാധിക്കും. *10 പുതുപ്പള്ളി, ചന്ദനപ്പള്ളി, മല്ലപ്പള്ളി, കാർത്തികപ്പള്ളി, കാഞ്ഞിരപ്പള്ളി, തിരുച്ചിറപ്പള്ളി. ആനന്ദപ്പള്ളി ആദിയായ സ്ഥലനാമങ്ങൾ ഇതിനുദാഹരണങ്ങളാണ്. കാലാന്തരങ്ങളിൽ പള്ളിയോട് ചേർത്ത് ചില തറവാടുകളും അറിയപ്പെടുവാൻ ഇടയായി.

---

**8 ശബ്ദതാരാവലി -ശ്രീകണ്ഠേശ്വരം.ജി. പത്മനാഭപിള്ള Page 822 'തരകൻ'*

**9 തച്ചിൽ മാത്ത്യു തരകൻ - 'കനകകോമ്പൻ' (തരകൻ സ്ഥാനം)*

**10 'പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിലൂടെ ' ; മാത്യു മടുക്കക്കുഴി Vol.2.P 76*



www.malankaralibrary.com

## കുടശ്ശനാട് പ്രദേശത്ത് ക്രൈസ്തവ കുടിയേറ്റം

വി.മാർത്തോമ്മാ ശ്ലീഹാ പാലയൂർ വച്ച് ക്രിസ്തുമതത്തിൽ ചേർത്ത ഉത്കൃഷ്ടവംശജരായ ശങ്കരപുരി, കള്ളി, കാളികാവ്, പകലോമറ്റം എന്നി നാലു കുടുംബക്കാർ മറ്റു കുടുംബക്കാരുമായി യോജിപ്പില്ലാതെ വന്നതിനാൽ കേരളത്തിലെ മറ്റു പല പ്രദേശങ്ങളിലേക്ക് മാറിതാമസിപ്പാനിടയായെന്ന് വിശ്വസിക്കപ്പെടുന്നു. അക്കൂട്ടത്തിൽ ഒരു കൂട്ടർ തെക്കോട്ടു പുറപ്പെട്ട് ഏറ്റുമാനൂരിൽ എത്തിയെന്നും പിന്നീട് അവിടെനിന്നും കാളികാവിലും കുറവിലങ്ങാട്ടും താമസമുറപ്പിച്ചെന്നുമാണ് പാരമ്പര്യം. പല കുടുംബചരിത്രങ്ങളും അവരുടെ വേരുകൾ തേടിയുള്ള പ്രയാണത്തിലും അന്വേഷണത്തിലും ഈ നാല് കുടുംബങ്ങളിൽ ഏതെങ്കിലുമൊന്നിൽ എത്തിനിൽക്കുന്നതായി കാണുന്നു. പകലോമറ്റം കുടുംബത്തിൽപ്പെട്ടവരിൽ ഒരുപറ്റം കോഴഞ്ചേരി, മാന്നാർ പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തതായി കാണുന്നു. മറ്റു മൂന്നു കുടുംബത്തിൽപ്പെട്ടവർ ഗണം ഗണങ്ങളായി തിരിഞ്ഞ് കടമ്പനാട്, കല്ലട, കുടശ്ശനാട് എന്നീ ഭാഗങ്ങളിലേക്ക് വരികയുണ്ടായി എന്നാണ് പരക്കെയുള്ള വിശ്വാസം. കള്ളി, കാളികാവ്, ശങ്കരപുരി എന്നിവയിൽ ഏതുകുടുംബത്തിൽപ്പെട്ടവരാണ് ഇവർ എന്ന് തിട്ടമായി പറയാൻവയ്യ.

## മുളപ്പോൺപള്ളി തറവാട്ട്ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

കൂടുമ്പോൾ 'ഇമ്പം' നൽകുന്നതാണ് കുടുംബം. ആധുനിക മനുഷ്യൻ ഏതുസ്ഥലത്ത് വസിച്ചാലും അവൻ ഇന്ന കുടുംബത്തിലെ അംഗമാണ് താൻ എന്ന് പറയുന്നതിൽ വലിയ വ്യഗ്രതയും ആഭിമുഖ്യവും കാട്ടാറുണ്ട്. വിശാലാർത്ഥത്തിൽ ചിന്തിച്ചാൽ നാമെല്ലാവരും തിരുകുടുംബത്തിലെ അംഗങ്ങളാണ്. കുടുംബസ്ഥിതിയുടെ മാനദണ്ഡം സമ്പത്താണോ?. സമ്പത്ത് ഏതുവിധേനയും സമാർജ്ജിച്ചവനെ-സമൂഹത്തിൽ സ്ഥാനമുള്ളവനെ ചില കുടുംബത്തിൽ ചേർത്ത് ആ തറവാടിന്റെ ശ്രേയസ്സ് ഉയർത്തിക്കാട്ടുന്നതും സർവ്വസാധാരണമായിട്ടുണ്ട്. മേൽപറഞ്ഞ കുടുംബവുമായി ഇപ്പറയുന്ന വ്യക്തിക്ക് "പുലബന്ധം" പോലും ചിലപ്പോൾ കാണുകയില്ല. എന്നാലും ഇങ്ങനെയുള്ളവർ താൻ അംഗമായുള്ള കുടുംബത്തിൽ ഉണ്ടെന്ന് പറയുന്നത് ഒരന്തസല്ലേയെന്ന് ചോദിക്കാറുണ്ട്.

വാസ്തവം ചിന്തിച്ചാൽ കേരളത്തിൽ (തിരുവിതാംകൂർ,കൊച്ചി, മലബാർ) 4 ബ്രാഹ്മണ കുടുംബക്കാരെയാണ് വിശുദ്ധൻ ജ്ഞാനസ്നാനം നടത്തിയതെന്ന് മുന്നമേ പ്രസ്താവിച്ചുവല്ലോ. അവരുടെ സന്താനപരമ്പരകളെക്കുറിച്ച് 15-ാം ശതകത്തിൽ പോർട്ടുഗീസുകാർ ഇവിടെവരുന്നതുവരെ



www.malankaralibrary.com

യാതൊരറിവും നമുക്കില്ല. ചില ലോകോത്തര സഞ്ചാരികൾ മാർക്കോപോളോ, അപ്പോളോണിയസ്സ് എന്നിവർ ഇവിടം സന്ദർശിക്കുകയും ജൂത, ക്രിസ്തീയ സമൂഹത്തേയും കണ്ടെത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

## മുൻതലമുറയിൽ നിന്ന് ലഭിച്ച അറിവ്

നാം വസിക്കുന്ന കുടശ്ശനാട് എന്ന ഗ്രാമം ദൈവം കനിഞ്ഞ് അനുഗ്രഹിച്ച ഒരു പ്രദേശമാണ്. ഇവിടുത്തെ ആദിമവാസികൾ അഞ്ച് കുടുംബത്തിൽപ്പെട്ടവരാണെന്നാണ് ഉറച്ചവിശ്വാസം. ആ കുടുംബങ്ങളിൽ ആത്മീയ നേതൃത്വം ഈ പ്രദേശത്തിന് നൽകിയതും മുളപ്പോൺപള്ളി തറവാട്ടിൽ ജീവിച്ചിരുന്ന താപസതുല്യം വർത്തിച്ച വൈദികരാണെന്ന് നിസ്തർക്കം പറയാവുന്നതാണ്. ഈ തറവാട്ടിലെ പൂർവ്വികർ എവിടെനിന്ന് വന്നവരാണെന്നതിനെക്കുറിച്ച് കഴിഞ്ഞ തലമുറയിലെ കാരണവർ പറഞ്ഞുകേട്ട ഒരു സംഭവം താഴെ വിവരിക്കുന്നു:-

മുളപ്പോൺപള്ളി തറവാട്ടിലെ ഒരു കാരണവർ (വല്ല്യപ്പച്ചൻ) കുടുംബസംബന്ധമായ ഏതോ ആവശ്യത്തിനായി കോട്ടയം പട്ടണവും പിന്നിട്ട് കുറവിലങ്ങാട്ട് പ്രദേശത്തൂടെ സഞ്ചരിപ്പാനിടയായി. അക്കാലത്ത് ഇന്നത്തെപ്പോലെയുള്ള യാത്രാ സൗകര്യങ്ങളൊന്നുമില്ല. ഇല്ലെന്നുമാത്രമല്ല തുലോം വിരളവുമാണ്. യാത്ര തുടരവേ വെയിൽ കനത്തു. അടുത്തുകണ്ട പടിപ്പുരയുള്ള ഒരു ഭവനത്തിലേക്ക് വല്ല്യപ്പച്ചൻ കടന്നുചെന്നു. ആരുമില്ലേയിവിടെയെന്ന് ചോദിച്ചു. ചോദ്യം കേട്ട് 'വാളിക' *11 കാതിലണിഞ്ഞ ഒരു മുത്തശ്ശി പുറത്തേക്ക് വന്നു. 'എന്തു വേണമെന്ന് ചോദിച്ചു'?. ദാഹമുണ്ട്, കുറെ വെള്ളം കുടിപ്പാനായി തരണമെന്നു പറഞ്ഞു. ആവശ്യം കേട്ടപാടെ അമ്മച്ചി അകത്തേക്ക് പോയി. ഒരു ലോട്ടായിൽ *12 സംഭാരവുമായി പുറത്തളത്തിലേക്ക് വന്നു. ആഗതന്റെ കൈയ്യിൽ കൊടുക്കുന്ന മാത്രയിൽ തന്നെ 'എവിടുന്ന് വരുന്നു എന്ന ചോദ്യമുയർന്നു'. അങ്ങ് തെക്ക് ദേശത്തു നിന്നാണ് എന്ന്. സ്ഥലത്തിന്റെ പേരെന്താണ്? കുടശ്ശനാട്ടു നിന്നും എന്ന് പ്രതിവചിച്ചു അപ്പച്ചൻ. അവിടെ ഏതു വീട്ടുകാരൻ? മുളപ്പോൺപള്ളി എന്നു പറഞ്ഞ മാത്രയിൽ വല്ല്യമ്മച്ചിയുടെ മുഖം പ്രകാശമാനമാകുന്നത് കാർണവർ കണ്ടു. സംഭാര പാത്രവുമായി വല്ല്യമ്മച്ചി വല്ല്യപ്പച്ചനെ പൂമുഖത്തേക്ക് ക്ഷണിച്ചു. മുളപ്പോൺപള്ളി കുടുംബക്കാർ ഈ തറവാട്ടുകാരാണ്. ഇവിടെയാണ് അവർ ഇരിക്കേണ്ടത് എന്നു പറഞ്ഞു കൊണ്ട് ചെറിയ 'മെത്തപ്പായ' *13 എടുത്ത്

---

** 11 വാളിക'-കോട്ടയത്തിന് വടക്ക് സ്ത്രീകൾ കാതിലണിയുന്ന ആഭരണം.*

** 12 ലോട്ടാ- വലിയ സ്റ്റീൽ ഗ്ലാസ്സിന്റെ വലിപ്പമുള്ള ഓട്ടു പാത്രം*

** 13 മെത്തപ്പായ-മുന്തിയ തഴ കൊണ്ട് നെയ്തുണ്ടാക്കുന്ന പായ*



www.malankaralibrary.com

നിലത്തിട്ടു. കുശലാന്വേഷണത്തിനും സൽക്കാരത്തിനും ശേഷമാണ് കാരണവർ യാത്ര തുടർന്നത്. ഈ സംഭവം വ്യക്തമാക്കുന്നത് ഇവിടുത്തെ നമ്മുടെ പൂർവ്വികർ കുറവിലങ്ങാട്ട് പ്രദേശത്ത് നിന്നും വന്നവരാണ് എന്ന വസ്തുതയാണ്.

ദക്ഷിണ കേരളത്തിലേക്കുള്ള ക്രിസ്തീയ കുടിയേറ്റത്തെക്കുറിച്ച് നേരത്തെ പരാമർശിച്ചുവല്ലോ. 16,17,18 നൂറ്റാണ്ടുകളിൽ ഇവിടം ഭരിച്ചിരുന്ന രാജാക്കൻമാർ ക്രിസ്ത്യാനികളെ അത്യധികം ആദരിക്കുകയും അവർക്ക് അനവധി അവകാശാധികാരങ്ങൾ തുല്യം ചാർത്തിക്കൊടുക്കുകയും ചെയ്തു. ക്ഷേത്രത്തിൽ ദീപം തെളിയിക്കുന്നതിനുള്ള എണ്ണ ശുദ്ധീകരിക്കണമെങ്കിൽ "നസ്രാണി തൊട്ടു കൊടുക്കണം" മായിരുന്നു. അപ്രകാരം ക്ഷേത്ര സംബന്ധിയായ ഈ കർമ്മം ചെയ്യുന്നതിലേക്ക് പന്തളം രാജകുടുംബം ഒരു കുടുംബക്കാരെ ഗണത്തോടെ ഇവിടേക്ക് കുറവിലങ്ങാട്ടു നിന്നും കൊണ്ടു വന്നു എന്നും ആ കുടുംബത്തിലുള്ളവർക്ക് പന്തളം രാജകുടുംബത്തിലെ ചക്രവർത്തിമാർ അടുത്തൂൺ പറ്റിയ ശേഷം (1821) ഭരണം നടത്തിയ തിരുവിതാംകൂറിലെ ചക്രവർത്തി 'തരകൻ സ്ഥാനം' നൽകി വ്യാപാരം നടത്തുന്നതിലേക്ക് സകലവിധ അധികാരങ്ങളും കൽപിച്ചു കൊടുത്തതോടൊപ്പം ഭണ്ഡാരവകയിൽ നിന്നും (പണ്ടാരവക) ധാരാളം നിലങ്ങളും പുരയിടങ്ങളും കരമൊഴിവായി ദാനം ചെയ്യുകയും ചെയ്തു.

തിരുവാതാംകോട് സംസ്ഥാനത്ത് മാവേലിക്കര താലൂക്കിൽ പാലമേൽ പഞ്ചായത്തിലെ ലാന്റ് സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഇവിടേക്ക് കുടിയേറി പാർത്ത വന്ദ്യ പുരോഹിത ശ്രേഷ്ഠനായ മുളപ്പോൺപള്ളിയിൽ നസ്രാണി തൊമ്മിതോമ്മ, കത്തനാരുതോമ, കത്തനാരുചാക്കോ എന്നിവർക്കും അവരുടെ സഹോദരൻമാരായ മുളപ്പോൺപള്ളി കിഴക്കേതിൽ മാത്തൻ വറീത്, കൊട്ടുവിരുത്തി വടക്കേതിൽ നസ്രാണി സ്ത്രീ മറിയ കൊച്ചീത്ത, ടി. വടക്കേതിൽ നസ്രാണി ചാക്കോ മാത്തൻ, ചാക്കോ ചാണ്ടി എന്നിവർക്ക് പണ്ടാരം വകയിൽ നിന്നും വസ്തു കരമൊഴിവായി തീട്ടൂരം ചാർത്തി കൊടുത്ത രേഖ അനക്സർ 1 ആയിട്ട് പുസ്തകത്തിന്റെ പിൻ താളിൽ ചേർത്തിരിക്കുന്നത് കാണുക. (From the Document) (Assistant Director of Survey and Land Records, Central Survey Office, Trivandrum.Dated 18-12-75) ഈ സെറ്റിൽമെന്റ് രജിസ്റ്ററിന് മുൻപ് 1816ലും–1836ലും വന്ന ലാന്റ് സെറ്റിൽമെന്റ് രജിസ്റ്ററിൽ കൂടുതൽ വിവരങ്ങൾ ആയതിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം

---

** 14 നസ്രാണി തൊട്ടു കൊടുക്കണം– തിരുവിതാംകൂറിലെ മിക്ക ക്ഷേത്രങ്ങളോടും ചേർന്ന് നസ്രാണികളെകൊണ്ട് പാർപ്പിക്കുന്ന പതിവുണ്ടായിരുന്നു. അവരാണ് എണ്ണ തൊട്ട് ശുദ്ധമാക്കി കൊടുക്കുന്നത്.*



www.malankaralibrary.com

## പിൻതലമുറക്കാരായ വൈദിക ശ്രേഷ്ഠൻമാർ

മുളപ്പോൺപള്ളി തറവാട്ടിലെ ആധുനിക കാലചരിത്രം തുടങ്ങുന്നത് ആ ഭവനത്തിൽ താപസ വര്യനായി ജീവിതം നയിച്ച ബഹു: കോശി തരകന പ്പൂപ്പനോടെയാണ്. അദ്ദേഹം ഒരു യോഗിയെപ്പോലെ ജീവിതം നയിച്ചു. അപ്പോൾ അദ്ദേഹം പാർത്ത തറവാട് അണികുന്നം മഹാദേവർക്ഷേത്രത്തിന് തൊട്ടു മുൻപിലായി സ്ഥിതിചെയ്യുന്നു. നാലു കെട്ടും അറപ്പുരയും പൂമു ഖവും അതിന്റെ വടക്കുവശത്തായി നെടു നീളത്തിലുള്ള പുരയുമൊക്കെ ഇന്നും ഇതെഴുതുന്ന ലേഖകന്റെ സ്മരണയിൽ പച്ചപിടിച്ചു നിൽക്കുന്നു. സംപൂജ്യനായ തരകനപ്പൂപ്പൻ മിക്കവാറും സമയങ്ങളിൽ ചെലവിടുന്നത് സമ ചതുരാകൃതിയിൽ ഘനമുള്ള തടിയിൽ നിർമ്മിച്ചിട്ടുള്ള പൂമുഖത്താണ്. കാലു കൾ ഉയർത്തി വയ്ക്കാവുന്ന ചാരുകസേരയിലാണ് കിടപ്പ്. കിഴക്കോട്ടാണ് തറവാടിന്റെ ദർശനം. അദ്ദേഹത്തിന്റെ ജീവിത കാലത്ത് ആ ഗൃഹത്തിലേക്ക് കടന്നു ചെല്ലുന്നത് വളരെ ഭയഭക്തിയോടുകൂടിയാണ്. അദ്ദേഹത്തിന്റെ സഹോദരപുത്രിയെ വിവാഹം കഴിച്ച് ബഹു: തോമസ് തരകൻ കത്തനാർ ഹരിപ്പാട്ട് കാരിച്ചാൽ തകടിയിൽ വീട്ടിൽനിന്ന് കുടശ്ശനാട്ടെത്തിച്ചേർന്നു. പിന്നീട് അദ്ദേഹം ഈ പ്രദേശത്തിന്റെ ആത്മീയാചാര്യനായി. വില്ലുവണ്ടി യിലും കുതിരപ്പുറത്തുമാണ് സഞ്ചരിച്ചിരുന്നത്. കുടശ്ശനാട് ദേവാലയത്തിൽ ആരാധനയ്ക്കായി എത്തിയിരുന്നതും കുതിരപ്പുറത്ത് സഞ്ചരിച്ചായിരുന്നു വെന്ന് പഴമക്കാർ പറഞ്ഞ് കേട്ടിട്ടുണ്ട്. 18–ാം ശതകത്തിന്റെ ഉത്തരാർദ്ധത്തി ലൊക്കെ ഇവിടുത്തെ ആത്മീയ നിലവാരം മുന്തിയതായിരുന്നു. മുള പ്പോൺപള്ളി തറവാട് വലിയ ദേവാലയമാക്കി മാറ്റുവാൻ, കല്ലിടുവാനായി 'ശില' കൊത്തിയെടുത്തു. ഈ വാർത്തയറിഞ്ഞ് അന്നത്തെ ഇതര മതക്കാർ ക്ഷേത്രത്തിന് തൊട്ടു മുൻപ് ഒരു ദേവാലയം ഉയരുന്നതിൽ അസഹിഷ്ണുത പൂണ്ട് രാത്രിയിൽ കൊത്തി വെച്ച ശില പൊക്കിയെടുത്ത് കിഴക്ക് വൈപ്പിൻ കുന്നിൽ (ഇപ്പോഴത്തെ വലിയ പള്ളി നിൽക്കുന്ന ഇടം) എറിഞ്ഞു കളഞ്ഞു. ഭഗ്നാശരായ ക്രിസ്ത്യാനികൾ ശിലയ്ക്കായി ഒത്തിരി അന്വേഷിച്ചു. ഒടുവിൽ കാടു പിടിച്ചു കിടന്ന വൈപ്പിൻ കുന്നിൽ നിന്നു തന്നെ അതു കണ്ടെടുത്തു. മുളപ്പോൺപള്ളി തറവാട്ടിലേക്കു തിരികെ കൊണ്ടു വന്നു. ആ കല്ല് അവിടെ ത്തന്നെ സ്ഥാപിക്കാനായി തീരുമാനിക്കുകയും വളരെ ആഘോഷപൂർവ്വം അവിടെ കൊണ്ടുപോയി ആചാര്യ ശ്രേഷ്ഠൻമാരുടെ കാർമ്മികത്വത്തിൽ സ്ഥാപിക്കുകയും ചെയ്തു. ദേവാലയം സ്ഥാപിച്ച സ്ഥലത്തെക്കുറിച്ച് വെള്ള ക്കാരനായ M.Warden Corner തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളെക്കു റിച്ച് രേഖപ്പെടുത്തിയിട്ടുള്ളതിൽ ഇപ്രകാരം കാണുന്നു. *15

** 15 Warden Corner Memoir of the Survey of the Travancore and Cochin State volume 11*



www.malankaralibrary.com

## Memoir of the Survey of the Travancore and Cochin States Volume 11, Government of Kerala

### Published by M. Warden Corner Discriptive of Pundalum

Poyecad about two miles south of Toovaloor is inhabited by Nairs and Elavers the houses in compound dispersed and a 'Pagoda' under a grove of trees on the East to the West and exclusive sheet of wet cultivation, which in during the rains inundated and cultivate as the water subsides

Toombomun, a Syiran Village ESE three miles of Toovaloor It, is famous for its church surrounded by a wall built about 3 Centuries ago. It is the central mart of the trade, and some of the inhabitants are opulent which arose from the encouragement held out to their to trade also for them being allowed to inspect and levy customs and receiving rent for ware houses etc.

By Warden Corner

(1816)

തറവാടിനെക്കുറിച്ചും അതിന്റെ പൂർവ്വികരായ വൈദികരെക്കുറിച്ചും പ്രതിപാദിക്കുകയായിരുന്നുവല്ലോ. തോമസ്തരകൻ കത്തനാരുടെ പുത്രനാണ് നമ്മുടെ തലമുറയിലെ മുളപ്പോൺപള്ളിയിലച്ചൻ ജേക്കബ് തരകൻ കത്തനാർ. ലൗകിക ജീവിതത്തിൽ വളരെ കർക്കശവും ആത്മീയ ജീവിതത്തിൽ വളരെ നിഷ്ഠയും പുലർത്തിയിരുന്ന ഒരു ദേഹമായിരുന്നു അദ്ദേഹം. ആജാനുബാഹുവായ അദ്ദേഹത്തിന്റെ രൂപം ഇന്നും ഒളി മങ്ങാതെ എന്റെ മനോമുകുരത്തിൽ ഇപ്പോഴും തെളിഞ്ഞു വരുന്നു. നാട്ടിൽ സഞ്ചരിക്കുമ്പോൾ വെള്ളക്കാരന്റെ തൊപ്പിയും കൈയ്യിൽ സ്വർണ്ണം കെട്ടിയ വളഞ്ഞ വടിയും എപ്പോഴും ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ കുടുംബം തമ്പുരാനാൽ അനുഗൃഹീതമായിരുന്നെന്ന് ആഴത്തിൽ പഠിക്കുമ്പോൾ മനസ്സിലാകും.

ന്യൂക്ലിയർ കുടുംബം (അണുകുടുംബം) സംവിധാനത്തിലാണല്ലോ നാം ഇന്ന് വസിക്കുന്നത്. അമ്മയും അപ്പനും ഒരു കുഞ്ഞും. ഏറിയാൽ രണ്ടു പേർ മാത്രം. എന്നാൽ അതിന്റെ ദോഷഫലങ്ങൾ ജീവിതത്തിൽ ഉടനീളം അനുഭവിക്കേണ്ടിവരും. കൂട്ടുകുടുംബ വ്യവസ്ഥ (Joint Family System)യ്ക്ക് ആയതിന്റെ ഗുണങ്ങളും ചില ദോഷങ്ങളുമുണ്ട്. സ്മര്യ പുരുഷനായ ജേക്കബ് കത്തനാർക്ക് 13 മക്കളുണ്ടായിരുന്നു. 8 ആൺ മക്കളും 5 പെൺമക്കളും. ഭയത്തിലും അനുസരണത്തിലും ആണ് അവരെ വളർത്തിയത്. വന്ദ്യ ജേക്കബച്ചന്റെ സഹധർമ്മിണി (ബസ്ക്യാമ്മ) തുമ്പമൺ പുത്തൻവീ



www.malankaralibrary.com

ട്ടിലച്ചന്റെ പുത്രി സാറാമ്മയാണ്. അന്ന് തുമ്പമൺ പ്രദേശത്ത് പുത്തൻ വീട്ടിൽ തറവാട്ടിനുള്ള സ്ഥാനം അദ്വിതീയമായിരുന്നു. പുത്തൻ വീട്ടിൽ ശ്രീ. തോമസ് പട്ടാളത്തിൽ ക്യാപ്റ്റൻ ആയിരുന്നു. ആ തറവാടിന്റെ അഭിമാനഭാജനമായി വിരാജിക്കുന്ന ശ്രീ. അലക്സാണ്ടർ ജേക്കബ് IPS (കേരള പോലീസ് അക്കാഡമി) തന്റെ വല്യമാവിയെപറ്റി പറയുന്നത് നന്നാ അഭിമാനത്തോടുകൂടിയാണ്. ഈയിടെ അദ്ദേഹവുമായി ഈ കുടുംബത്തെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞവാക്കുകൾ ചുവടെ കുറിക്കട്ടെ. 'മുളപ്പോൺപള്ളിൽ തറവാട്ടിലേക്ക് എന്റെ വല്യമാവിയെ വിവാഹം കഴിപ്പിച്ചയയ്ക്കുകയുണ്ടായി. മാവിയുടെ ഭർത്താവായ അച്ചൻ നാട്ടിലെ വലിയ പ്രമാണിയായിരുന്നു. അദ്ദേഹത്തിന്റെ വാക്കായിരുന്നു ആ നാട്ടിലെ അന്തിമ വാക്ക്. ധാരാളം സ്വത്തുക്കളുടെ ഉടമ. തുമ്പമൺ പുത്തൻ വീട്ടിൽ തറവാട്ടിൽ നിന്ന് ബന്ധം ഇറങ്ങുന്നതിന് മൂന്നു തലമുറകൾക്കു മുമ്പ് തന്നെ ആ തറവാടുമായി മററ് ബന്ധങ്ങളുണ്ടായിരുന്നു.'

ആംഗ്ലേയ ഭാഷയിൽ ഇങ്ങനെ ഒരു ചൊല്ലുണ്ട്. "Man Proposes, God disposes' ഏതു കുടുംബത്തിന്റേയും വളർച്ചയും തളർച്ചയും ആ കുടുംബത്തിലെ അംഗങ്ങളുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. ജേക്കബച്ചന്റെ മക്കളായിരുന്ന ഈ തരകൻമാർ തങ്ങൾക്കുണ്ടായിരുന്ന പദവിയോർത്തിട്ടും നാട്ടിലുണ്ടായിരുന്ന അനന്യസാധാരണമായ സ്ഥാന ബഹുമാനങ്ങളെക്കുറിച്ചുമുള്ള ചിന്തയിൽ അമിതമായി ഊറ്റം കൊണ്ടിരുന്നു.

കാലം ഏത് മുറിവും ഭേദപ്പെടുത്തും. ഒരു കാലം പാത്തിയെങ്കിൽ മറുകാലം വാരം. ദശാബ്ദങ്ങൾ കഴിഞ്ഞതോടെ അച്ചനും കൊച്ചമ്മയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മക്കളുടെ മക്കളെ യഹൂദൻമാരെപ്പോലെ ദൈവകരം പിടിച്ച് പരിപാലിച്ചു. ഈ തലമുറ പ്രൗഢിയിലേക്ക് വരുവാൻ കാരുണ്യവാൻ കൈകൊടുത്തു. നൂറ്റാണ്ടു മുമ്പുണ്ടായിരുന്ന തറവാടിന്റെ സ്മരണ വീണ്ടും ഉണർത്തുന്ന, മനോഹരമായ നാലുകെട്ടോടു കൂടിയ സൗധം പടുത്തുയർത്തുവാൻ ദൈവം സഹായിച്ചു.

ലോകത്തിന്റെ നാനാഭാഗങ്ങളിലായി ഈ കുടുംബത്തിന്റെ അരുമമക്കളും ചെറുമക്കളും ജീവിതത്തിന്റെ വിവിധ തുറകളിലായി ജോലി ചെയ്തുവരുന്നു. ഇതുവരേയും ഏവർക്കും ഒന്നിച്ചുചേരുവാൻ സാധിച്ചിട്ടില്ല. ജോലിസംബന്ധമായി വിദേശത്ത് ഉള്ളവർ കുടുംബസംഗമം നടക്കുന്ന കന്നി 11 ന് അവർ ഏതേത് സ്ഥലത്താണോ അവിടെ തിരുബലിയർപ്പിച്ച് പ്രാർത്ഥിക്കാറുണ്ട് എന്നതാണ് സത്യം. അതു ഏവരേയും പുളകമണിയിക്കും.



www.malankaralibrary.com

## മുളപ്പോൺ തറവാടിന്റെ പവിത്രതയേക്കുറിച്ച് പറഞ്ഞുകേട്ട സംഭവം

ആദരണീയനായ കോശിത്തരകനപ്പൂപ്പനും തോമസ്സച്ചനും മരണമടഞ്ഞതിനുശേഷമാണ് സംഭവം നടന്നത്. വസ്തുവകകളും കൃഷിയും ധാരാളമുണ്ടായിരുന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. അണികുന്നത്ത് മഹാദേവക്ഷേത്രത്തിന് വടക്കുവശത്തും കിഴക്കുവശത്തുമുള്ള ധാരാളം നിലവും പുരയിടവും ഈ തറവാടിന് കരമൊഴിവായി രാജ ഭണ്ഡാരത്തിൽ നിന്ന് ലഭ്യമായിട്ടുള്ളതായി സൂചിപ്പിച്ചുവല്ലോ. 100 പറയുള്ള കോടൻകൊല്ലായും പന്തിരുപറയും അതിനു കിഴക്ക് നാലാമറംപുഞ്ചയും ഇടഞ്ചിറമൂലപ്പുഞ്ചക്കണ്ടവും, തോണ്ടുകണ്ടം, വിരിപ്പുനിലം, ഇലഞ്ഞിമൂട്ടിൽ നിലം എന്നിവയെല്ലാം അവയിൽപ്പെടുന്നു. കൊയ്ത്തുകഴിഞ്ഞ സമയം തറവാട്ടു മുറ്റത്ത് കറ്റകൾ കൂനയായി അടുക്കിവെച്ചിരിക്കുന്നു. കുറേപ്പേർ മെതിക്കുന്നു. തന്റെ കറ്റകൾ മെതിച്ചുതീരാത്തതിൽ രാത്രിയിൽ കുടിലിലേക്ക് പോകാൻ പറ്റാതായ ആശ്രിതനായ ജോലിക്കാരൻ (ഈയടുത്തകാലത്താണ് അയാൾ മരിച്ചത്) വിഷണ്ണനായി മുറ്റത്ത് നിൽക്കുന്നു. ജേക്കബ് കത്തനാർ തന്റെ ആശ്രിതനോട് ഇറയത്ത് കയറിക്കിടന്നുകൊള്ളാൻ അനുവാദം കൊടുത്തു. പലവുരു അയാൾ ആയതിനു വിസമ്മതിച്ചു എങ്കിലും തമ്പുരാന്റെ നിർബന്ധത്തിനു വഴങ്ങി ആ തിണ്ണയിൽ തലചായിച്ചു. പാതിരാത്രിയോടടുക്കുന്നസമയം തന്നെ ആരോ പൊക്കിയെടുത്തു കിഴക്കോട്ടെറിഞ്ഞു. നടന്നുപോകുവാനും കന്നുകാലികളെ പാടത്തേയ്ക്ക് കൊണ്ടുപോകുന്നതിനുമായി ഒരു പാത കിഴക്കുഭാഗത്തുണ്ട്. നിലത്തുവീണ ആ സാധു ഭയചകിതനായി ചാടിയെഴുന്നേറ്റിട്ടു നിലവിളിച്ചു. കിഴക്കേതിൽ താമസിച്ച വീട്ടുകാർ ദീനരോദനം കേട്ട് ഓടിവന്നപ്പോൾ തനിക്കുണ്ടായ അനുഭവം അയാൾ വിക്കിവിക്കിപ്പറഞ്ഞു. വിശുദ്ധരായവർ ജീവിച്ചിടത്ത് ദേഹം കഴുകാതെ അവിശുദ്ധമായി ഒരാൾ കടന്നുചെന്നതിലുള്ള അനുഭവമാണ് ഇപ്പറഞ്ഞത്. അതിനുശേഷം ഒരിക്കലും അയാൾ ആ തിണ്ണയിൽ കയറിയിട്ടില്ല.

ഇന്ന് ജീവിച്ചിരിക്കുന്ന ഒരാൾക്ക് ഈ അടുത്ത കാലത്തുണ്ടായ ഒരനുഭവം കൂടെ ഇവിടെ വിവരിക്കാം. കലശലായ വയറുവേദന. ഭക്ഷണം കഴിക്കാൻ മേല. വേദനകൊണ്ട് അയാൾ കിടക്കയിൽ കിടന്നുരുളുകയാണ്. അടൂർ ആശുപത്രിയിൽ കൊണ്ടുപോയി. രോഗിയെ അഡ്മിറ്റു ചെയ്തു. ഡോക്ടർ ഏവർക്കും സമ്മതനാണ്. ബഹു സമർത്ഥനാണ്. മരുന്നു കഴിച്ചിട്ടും രോഗിക്ക് രോഗശമനമില്ല. ഡോക്ടർക്ക് അത്ഭുതം തോന്നി. എന്തേ രോഗം ഭേദമാകാത്തത്.? ആശ്ചര്യമെന്നത് പറയട്ടേ മൂന്നാം നാൾ രാത്രിയിൽ ആ രോഗി ചെറുതായൊന്നു മയങ്ങി. അപ്പോഴതാ ശുഭ്രവസ്ത്രധാരിയായ ഒരാൾ തന്റെ കിടക്കയുടെ അരികിൽ നിൽക്കുന്നു.



www.malankaralibrary.com

തന്റെ അരുമസന്താനത്തോട് ഇപ്രകാരം പറയുന്നത് താൻ കേട്ടു. മകനേ രാവിലെതന്നെ വീട്ടിലേക്ക് മടങ്ങിപ്പോവുക. രോഗമൊന്നുമില്ല സദാ പ്രാർത്ഥിക്കുക. ഞാൻ എപ്പോഴും മോന്റെ സഹായത്തിനുണ്ട്. പൊടുന്നനെ അദ്ദേഹം ഞെട്ടിയുണർന്നു. രോഗത്തിന് ശമനം തോന്നി. പിറ്റേ ദിവസം തന്നെ വീട്ടിലേക്ക് മടങ്ങിപ്പോന്നു. പിന്നീട് ആ മാതിരി രോഗം ഉണ്ടായിട്ടില്ല. പൂർവ്വികരായ ഈ പിതാക്കൻമാരുടെ അനുഗ്രഹവും പ്രാർത്ഥനയുമാണ് ഇവയ്ക്കെല്ലാം നിദാനമെന്ന് മക്കളായ ഞങ്ങളെല്ലാവരും വിശ്വസിക്കുന്നു. ഈ വിധം ഒത്തിരിയൊത്തിരി അനുഭവങ്ങൾ കുടുംബാംഗങ്ങൾക്ക് പറവാനുണ്ട്. തറവാട്ടിലെ ആൺ മക്കളും പെൺ മക്കളും അവരുടെ സന്താനപരമ്പരകളും ഈ മൺമറഞ്ഞ പിതാക്കൻമാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് പ്രാർത്ഥിക്കുന്നു. കന്നി 11 ന് മാത്രമല്ല ഇന്നും എന്നും.

വന്ദ്യനായ യാക്കോബ് കത്തനാർക്ക് ശേഷം ഇനിയും ഈ തലമുറയിൽ വൈദികരായി ആരും കടന്നുവന്നിട്ടില്ലല്ലോയെന്ന് ദുഃഖിച്ച് കഴിയവേയാണ് സർവ്വശക്തന്റെ അദൃശ്യകരങ്ങൾ ബലഹീനനായ എന്നെ പിടികൂടിയത്. ചെറുപ്പത്തിലെ (11 വയസ്സ്) വിളി വന്നതാണ്. പക്ഷേ ദൈവശബ്ദത്തെ ചെവിക്കൊണ്ടില്ല. ഓർത്തഡോക്സ് സഭയിലെ ഇപ്പോഴത്തെ സീനിയർ മെത്രാപ്പോലിത്താ അഭി: ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് തിരുമനസ്സുകൊണ്ട് ശെമ്മാശ്ശനായിരിക്കുമ്പോൾ മുതൽ തന്റെ മാവനായ എന്റെ വല്യപ്പച്ചൻ ചാക്കോവറീതിനെ കാണുവാനായി മുളപ്പോൺ പള്ളി കിഴക്കേതിൽ സാധാരണമായി വരാറുണ്ടായിരുന്നു. ഒരു വർഷം കുടശ്ശനാട്ടു പള്ളിയിൽ സുവിശേഷ പ്രസംഗത്തിനു വരവേ കുറേ നേരത്തേതന്നെ തനിക്ക് പ്രിയനായ ശാമുവേൽകുട്ടിയെ കാണുവാനായി ഞാൻ ഇപ്പോൾ താമസിക്കുന്ന ഭവനത്തിൽ വരികയുണ്ടായി. വീട്ടിലെത്തിച്ചേർന്ന അദ്ദേഹം മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന എന്നെ നോക്കി അപ്പച്ചനോടായി ഇങ്ങനെ ചോദിച്ചു. ശാമുവേൽകുട്ടിയുടെ മോനല്ലേ. ഇവൻ എത്രാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു?. അപ്പച്ചൻ തലയാട്ടി എന്നോടായി മോനിങ്ങു വന്നേ; പാട്ടുപാടാറുണ്ടോ? വേദപുസ്തകം വായിക്കാറുണ്ടോ? എന്നീ ചോദ്യങ്ങൾ ചോദിച്ചു. ഞാൻ തലയാട്ടി. ആട്ടേ വേദപുസ്തകത്തിലെ ചില വാക്യങ്ങൾ പറഞ്ഞേ! ഞാൻ, 'യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകുകയില്ല' എന്ന് പറഞ്ഞു. ഇത്രയും മാത്രമേ അറിയുകയുള്ളോ? ചോദ്യം വീണ്ടും . ഞാൻ അതിനും തലയാട്ടി. മിടുക്കൻ അപ്പച്ചന്റെ നേരെതിരിഞ്ഞ് ശാമുവേൽകുട്ടി പത്താം ക്ലാസ് ജയിച്ചാൽ മോനെ സെമിനാരിയിൽ വിട്ടേര്, ഞാൻ അവിടെയുണ്ട് എന്ന് പറഞ്ഞു. എന്നാൽ ഒരേയൊരു പുത്രനിൽ വലിയ പ്രതീക്ഷ അർപ്പിച്ചിരുന്ന പിതാവ് ആ വാക്കുകൾ അത്ര ഗണ്യമാക്കിയോ എന്തോ ആർക്കറിയാം!

എന്നിരുന്നാലും ശെമ്മാശ്ശനായിരുന്നപ്പോൾ അദ്ദേഹം ഉരുവിട്ട വാക്കു



www.malankaralibrary.com

കൾ എപ്പോഴും എന്റെ ഉള്ളത്തിൽ അനുരണനം ചെയ്തുകൊണ്ടിരുന്നു. മനുഷ്യനാൽ അസാദ്ധ്യം ദൈവത്താൽ സാദ്ധ്യമെന്നത് ഞാൻ അനുഭവിച്ചറിഞ്ഞു. ദൈവം വേണ്ടതായ വഴിയും വാതിലും തുറന്നുതന്നു. പൂർവികരായവരുടെ പ്രാർത്ഥന ആയതിന് പിൻബലമായി. ആയതിനാൽ തലമുറയിൽ പുരോഹിത ശൃംഖല അനുസ്യൂതം മുന്നോട്ട് പൊട്ടിപ്പോകാതെ കൊണ്ടുപോകുന്നതിന് ദൈവം വഴിയൊരുക്കി. എന്നെപ്പറ്റി പ്രതിപാദിപ്പാൻ ആഗ്രഹിച്ചതല്ല. പിതാക്കന്മാരുടെ ആശീർവാദം നമ്മോടൊപ്പമുണ്ട് എന്ന് കാട്ടുവാനാണ് ഇത് എഴുതിയത്. ഇനിയും വരുന്നു മറ്റൊരു വൈദികൻകൂടി. ആസന്ന ഭാവിയിൽത്തന്നെ മുളപ്പോൺപള്ളിയിൽ ജെയിംസ് ജോർജ് തരകൻ ഡീക്കൻ പദവിയിലേക്ക് വരും എന്നുപ്രതീക്ഷിക്കുന്നു.

ഈ കുടുംബത്തിൽ തന്നെയുള്ള മറ്റൊരുവൈദികനാണ് എന്റെ കൊച്ചനുജനായ കുടശ്ശനാട്ട് തെങ്ങുവിളയിൽ ജോസ് തോമസ് അച്ചൻ. അച്ചനും ഓർത്തഡോക്സ് സഭയിൽ ശ്രേഷ്ഠമായ ശുശ്രൂഷ ചെയ്തുപോരുന്നു.

ഈ ചരിത്രക്കുറിപ്പുകൾ ഇവിടെ അവസാനിപ്പിക്കട്ടെ. കാലംമാറുന്നു, ഋതുക്കൾ കടന്നുപോകുന്നു, കുടുംബങ്ങൾ ഏറുന്നു. എന്നാൽ കുടുംബം മാത്രം മാറ്റമില്ലാതെ നിലനിൽക്കുന്നു. തറവാടിന്റെ സന്താനപരമ്പരകൾ കേരളത്തിന്റെ വിവിധസ്ഥലങ്ങളിലുണ്ട്, ലോകത്തിൽ പല രാജ്യങ്ങളിലുണ്ട്. വിവിധ സരണികളിൽ, സോപാനങ്ങളിൽ. എല്ലാവരേയും പരമകാരുണികൻ ഉയരത്തിൽനിന്ന് തന്റെ ബലമുള്ള കരങ്ങൾനീട്ടി അനുഗ്രഹിക്കട്ടെ. ഈ ദേശത്തിന്റെ കാവൽ പിതാക്കന്മാരായ മാർത്തോമ്മാ ശ്ലീഹായുടേയും സഹദേന്മാരിൽ ഒന്നാമനായ മാർ സ്തേഫാനോസ് സഹദായുടേയും കാവലും കരുതലും മദ്ധ്യസ്ഥതയും ഈ നാടിന് എന്നുമുണ്ടാകട്ടെ. മൺമറഞ്ഞുപോയ പൂർവ്വസൂരികളായ മാതാപിതാക്കന്മാരുടെ പ്രാർത്ഥന വിശുദ്ധന്മാരുടെ പ്രാർത്ഥനയോടൊപ്പം നമുക്കുണ്ടാകട്ടെ. ഭൗതികവും ആത്മികവുമായ എല്ലാ നന്മകളും ലഭിക്കട്ടെ. വി. ബൈബിളിൽ ആസാഫ് ധ്യാനിച്ച് ഉദ്ഗാനം ചെയ്തതു കാണുക. *16

"എന്റെ ജനമേ എന്റെ ഉപദേശം ശ്രദ്ധിപ്പിൻ; എന്റെ വായ്മൊഴികൾക്കും നിങ്ങളുടെ ചെവി ചായിപ്പിൻ. ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും. പുരാതന കടങ്കഥകളെ പറയും. നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു. നമ്മുടെ പിതാക്കന്മാർ നമ്മോടു പറഞ്ഞിരിക്കുന്നു. നാം അവരുടെ മക്കളോട് അവയെ മറച്ചുവെയ്ക്കാതെ വരുവാനുള്ള തലമുറയോട് യഹോവയുടെ സ്തുതിയും ബലവും അവൻ ചെയ്ത അത്ഭുത പ്രവൃത്തികളും വിവരിച്ചു പറയും. അവൻ യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു; ഇസ്രാ

---

**16 ആസാഫിന്റെ ധ്യാനം - സങ്കീർത്തനം 78 : 1- 8*



www.malankaralibrary.com

യേലിൽ ഒരു ന്യായപ്രമാണം നിയമിച്ചു. നമ്മുടെ പിതാക്കന്മാരോട് അവയെ തങ്ങളുടെ മക്കളെ അറിയിപ്പാൻ കൽപിച്ചു. വരുവാനുള്ള തലമുറ, ജനിപ്പാനിരിക്കുന്ന മക്കൾ തന്നെ. അവയെ ഗ്രഹിച്ചും എഴുന്നേറ്റ് തങ്ങളുടെ മക്കളോട് അറിയിക്കുകയും അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വെയ്ക്കുകയും ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളയാതെ അവന്റെ കൽപനകളെ പ്രമാണിച്ച് നടക്കയും തങ്ങളുടെ പിതാക്കന്മാരെപ്പോലെ ശാഠ്യവും മത്സരവുമുള്ള തലമുറയായി ഹൃദയത്തെ സ്ഥിരമാക്കാതെ ദൈവത്തോട് അവിശ്വസ്ത മനസ്സുള്ളോരു തലമുറയായി തീരാതിരിക്കയും ചെയ്യേണ്ടതിനുതന്നെ"

ആമ്മേൻ.

(സങ്കീർത്തനം 78 : 1 – 8)

തിരുവചനത്തിൽ നമ്മോട് ഉദ്ബോധിപ്പിച്ചതുപോലെ ഇത്രത്തോളം കാത്തുപരിപാലിച്ച തമ്പുരാനോടും വിശ്വസ്ത മാനസരായി വരും തലമുറകളിലും ജീവിക്കാൻ അവൻ നമുക്ക് ഇടവരുത്തട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും മുളപ്പോൺപള്ളി കുടുംബത്തിന് എല്ലാ ഭാവുകങ്ങളും ആശംസിച്ചുകൊണ്ടും ഈ 'ചരിത്രത്തിലേക്കുള്ള എത്തിനോട്ടം' ഇവിടെ സംക്ഷേപിക്കുന്നു.

ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ.

ഫാ. എസ്. ജേക്കബ് മുളപ്പോൺപള്ളിൽ

ഒട്ടലിൽ കിഴക്കേതിൽ


കുടശ്ശനാട്.

* * * * *



www.malankaralibrary.com

# മുളപ്പോൺപള്ളി കുടുംബ ചരിത്രം
## ഒരു സത്യാന്വേഷണം



**കുമാരി അന്ന തരകൻ & ജോയി കോശി**
**തേവരേത്ത് കിഴക്കേതിൽ**

കേരളത്തിൽ വിശിഷ്യ മലങ്കര സുറിയാനി ക്രിസ്ത്യാനി സമൂഹത്തിൽ അടുത്ത കാലത്ത് കുടുംബയോഗങ്ങളും കുടുംബ ചരിത്ര പ്രകാശനവും സാധാരണമായി തീർന്നിട്ടുണ്ട്. യൂറോപ്യൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ കുടുംബങ്ങൾ തകർന്ന് ഇല്ലാതായിട്ടുണ്ടെന്ന് പറയാവുന്ന സ്ഥിതിയാണ്. കുടുംബജീവിതം ഭാരത സംസ്കാരത്തിന്റെ അഭിവാജ്യഘടകമാണ്. കുല സ്നേഹവും, കുടുംബപാരമ്പര്യവും നിലനിർത്തുകയെന്നുള്ളത് കുടുംബങ്ങളുടെ ധർമ്മമായിട്ടാണ് ഭാരത സംസ്കാരത്തിൽ വിവരിക്കുന്നത്. ഹിതോപദേശത്തിൽ ഇപ്രകാരം കാണുന്നു.

**സംഹതി ഃ ശ്രേയസി പുംസാം സ്വകുലൈരൽപ കൈരപി**

**തുഷേണാപി പരിത്യകതാ നപ്രരോഹന്തി തണ്ഡുലാ:**

*(സ്വകുടുംബത്തോടുള്ള ബന്ധം എത്ര നിസ്സാരമായിരുന്നാൽ പോലും അതു മനുഷ്യരുടെ നൻമയ്ക്കായി ഭവിക്കും. നെൽമണിയുടെ ഉമി നീക്കികളഞ്ഞാൽ അതു മുളയ്ക്കുകയില്ലല്ലോ.)*

മനുഷ്യരക്ഷാ ചരിത്രത്തിൽ രക്ഷയുടെ പദ്ധതി നടപ്പിലാക്കുവാൻ ദൈവം മനുഷ്യനുമായി ബന്ധപ്പെടുന്നത് വംശങ്ങൾ വഴിയാണെന്നു വി. വേദപുസ്തകം വിവക്ഷിക്കുന്നു. യേശുവും ഒരു വംശാവലി ഉള്ളവനായിരുന്നു. യേശുവിന്റെ ജനനത്തിന് ഒരുക്കമായി ഒരു വംശത്തെ ദൈവം തിരഞ്ഞെടുക്കുന്നു. പക്ഷേ ഇത് ഒരു പ്രത്യേക വംശത്തിന്റെ രക്ഷയ്ക്കോ നന്മയ്ക്കോ വേണ്ടി മാത്രമല്ല പ്രസ്തുത വർഗ്ഗത്തിന്റെ മുഴുവൻ രക്ഷയ്ക്കും നന്മയ്ക്കും വേണ്ടിയാണെന്ന് വി.ഗ്രന്ഥം സാക്ഷിക്കുന്നു. ഈ കാഴ്ചപ്പാടായിരിക്കണം കുടുംബയോഗ പ്രവർത്തനത്തിന്റെ അടിസ്ഥാനം.

കുടുംബത്തിന്റെ ഘടന പിതാവിനെ കേന്ദ്രീകരിച്ചാണ് സ്ഥിതിചെയ്യുന്നത്. പൈതൃകവും, പാരമ്പര്യവും കാത്തു പരിപാലിക്കുകയെന്നുള്ളത് പുത്രൻമാരുടെ കടമയായിരുന്നു. ( സുഭാ. 3 : 12)



www.malankaralibrary.com

പ്രഭാഷകന്റെ പുസ്തകത്തിൽ മകന്റെ കടമയെപ്പറ്റി ഇപ്രകാരം ഉപദേശിക്കുന്നു.

പിതാവിനെ പൂർണ്ണ ഹൃദയത്തോടെ ബഹുമാനിക്കുക. അമ്മയുടെ പ്രസവ വേദന മറക്കരുത്.

മാതാപിതാക്കളാണ് നിനക്കു ജന്മം നൽകിയതെന്ന് ഓർക്കുക.

അവരുടെ ദാനത്തിന് എന്തു പ്രതിഫലം നൽകുവാൻ നിനക്കു കഴിയും (പ്രഭാ. 7 : 27, 28)

കുടുംബ സ്നേഹമില്ലാത്തവൻ അധമനാണ് എന്ന് പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു.

ആരെങ്കിലും തന്റെ ചാർച്ചക്കാർക്ക് വിശിഷ്യ തന്റെ കുടുംബത്തിന് വേണ്ടത് നൽകുന്നില്ലായെങ്കിൽ അയാൾ വിശ്വാസം ത്യജിച്ചവനും അവിശ്വാസിയേക്കാൾ അധമനുമാണ്. ( 1 തിമോ. 5 : 8)

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ കുടുംബവും അതിന്റെ നാമം സ്വീകരിക്കുന്നത് പിതാവായ ദൈവത്തിൽ നിന്നാണ് എന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. ( എഫേ. 3 : 14, 15)

ഈ പശ്ചാത്തലത്തിലാണ് ക്രിസ്തീയ കുടുംബങ്ങളേയും അവരുടെ കുടുംബയോഗങ്ങളേയും കാണേണ്ടത്. മുളപ്പോംപള്ളികുടുംബാഗങ്ങൾ പുരാതനമായ കുടുംബ ശ്രേഷ്ഠതയും ഉത്കൃഷ്ടാവസ്ഥയെയും നശിപ്പിച്ചുകളയാതെ കുടുംബ മാഹാത്മ്യ സംഗതികളെല്ലാം ഊർജ്ജിതമായി പ്രവർത്തിക്കാനുമായിട്ടാണ് കുടുംബയോഗം സ്ഥാപിതമായത്. പൈതൃകവും പാരമ്പര്യവും കാത്തുപരിപാലിക്കേണ്ടത് പുത്രൻമാരുടെ കടമയാണെന്നാണല്ലോ വചനം നമ്മെ പഠിപ്പിക്കുന്നത്. കുടശ്ശനാട്ടു മുളപ്പോൺപള്ളി കുടുംബത്തിന്റെ അടിസ്ഥാന വേരുകൾ അന്വേഷിച്ച് പഴയകാല ചരിത്ര വസ്തുതകൾ

വെളിച്ചത്തുകൊണ്ടുവരുവാനുള്ള ശ്രമത്തിൽ ലഭിച്ചരേഖകളും വായ്മൊഴികളും , ഐതീഹ്യങ്ങളും, സാഹചര്യ തെളിവുകളും,നാട്ടുനടപ്പും ചരിത്രസത്യത്തിന് മാർഗ്ഗ ദർശനവും പിൻബലവുമാണ്.

ഈ ചരിത്രാന്വേഷണത്തിൽ ഞങ്ങൾക്കു വളരെ കൗതുകകരമായി തോന്നിയ ഒരുപ്രധാനകാര്യം ഇന്നത്തെപ്പോലെ പ്രസിഡന്റും സെക്രട്ടറിയും,കമ്മറ്റിയും അടങ്ങിയ കുടുംബയോഗം ഇല്ലാതിരുന്ന കാലത്ത് നൂറ്റാണ്ടുകൾക്കുമുമ്പ് മുതൽ വർഷംതോറും നമ്മുടെ കുടുംബ പിതാവായ കത്തനാരപ്പൂപ്പന്റെ ശ്രാദ്ധ ദിവസം (കന്നി 11) ഒന്നിച്ചു കൂടുകയും വി.കുർബാന നടത്തുകയും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നതായി



www.malankaralibrary.com

മനസ്സിലാക്കാൻ കഴിയുന്നു. ഇത്രയും പുരാതനത്വം അവകാശപ്പെടാവുന്ന കുടുംബയോഗങ്ങളും ശ്രാദ്ധപ്പെരുന്നാളും ഒരു പക്ഷേ വളരെ വിരളമായിരിക്കുമെന്ന് ഞങ്ങൾ കരുതുന്നു. ഈ സത്യം വളരെ ഉൾപുളകത്തോടെ പകർത്തുവാൻ സന്തോഷമുണ്ട്.

കുടുംബത്തിന്റെ വേരുകൾ തേടിപ്പോയ കൂട്ടത്തിൽ ആദ്യം ചെന്നെത്തിയതും കുറവിലങ്ങാട്ടുതന്നെ. കാരണം പിതാക്കൻമാർ കൂട്ടം കൂടി പാട്ടും പാടി ഈ പ്രദേശത്തേക്ക് ആണ്ടുതോറും പോയതായി കേഴ്‌വിയുണ്ട്. ചെന്നെത്തിയ വീടുകളുടെ സാക്ഷിവിവരണവുമുണ്ട്. കേരളപ്പിറവിക്കു മുമ്പുള്ള രേഖകൾ പരിശോധിച്ചപ്പോൾ കിട്ടിയ ആധാരം, പട്ടയം, പാട്ടാധാരന്റെ പേര് എന്നിവ വ്യക്തമായ രേഖയിലൂടെ മുളപ്പോൺപള്ളി കുടുംബസ്ഥാപനത്തെയും, അവകാശത്തേയും, അവകാശികളെയും പൂർവ്വ പിതാക്കളെയും ഒപ്പം പൗരോഹിത്യ പാരമ്പര്യത്തേയും നാടിന്റെ ഭരണാധികാരത്തേയും വിളിച്ചറിയിക്കുന്നു. ആധികാരികമായി വെളിപ്പെടുത്തുന്നു. മുളപ്പോൺപള്ളി പണ്ടാരത്തിൽ വക തേട്ടം എന്ന സംജ്ഞയത്തോടുകൂടി തിരുവിതാംകോട്ടുസംസ്ഥാനത്തു മാവേലിക്കരതാലൂക്കിൽ പാലമേൽ പകുതിയിൽ തിരുമണി മംഗലം ദേവസ്വം മഹാദേവർ ക്ഷേത്രത്തിനു തൊട്ടുമുമ്പിലായി സർവ്വേ നമ്പർ 482 പണ്ടാരം വക തേട്ടം വസ്തുവിൽ സ്ഥാപിച്ചു. മുളപ്പോൺപള്ളി കുടുംബവും (പണ്ടാരവും ) ടി മഹാദേവൻ ക്ഷേത്രവും ഒറ്റ സർവ്വേ നമ്പറിൽ തന്നെയാണെന്നുള്ളതും പ്രത്യേകം ശ്രദ്ധേയവും ചിന്തനീയവുമാണ് .

'പള്ളി' എന്ന വാക്ക് പാലിഭാഷയിൽനിന്നും വന്നിട്ടുള്ളതാണ്. ബുദ്ധമതക്കാർ സംഘം ചേരുന്നസ്ഥലത്തിന് 'പള്ളി' എന്ന് പറഞ്ഞിരുന്നു. ക്രൈസ്തവ സമൂഹം അധിവസിതദേശം settelment എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരുന്നത്. അന്നു യഹൂദ പാരമ്പര്യമനുസരിച്ച് ഭവനങ്ങളിലായിരുന്നു അവർ പ്രാർത്ഥനയ്ക്കു സമ്മേളിച്ചിരുന്നത്. (Prof. John Nithiry, Chandy Metran Souvenir P 160), 4-ാം നൂറ്റാണ്ടിലായിരുന്നു ആരാധനാലയങ്ങൾ നിലവിൽ വന്നിരുന്നത്. വിദേശത്തു നിന്നും കേരളത്തിൽ വന്ന കച്ചവടക്കാർ 6-ാം നൂറ്റാണ്ടിൽ ഇവിടെ ചില ക്രൈസ്തവ പുരോഹിതന്മാരെയും മറ്റും കണ്ടതായി രേഖപ്പെടുത്തിയിരുന്നതായി കാണുന്നു. എന്നാൽ ആരാധനാലയങ്ങളുടെ വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ചാണകം മെഴുകിയ തറയും ഓലകെട്ടിയ മേൽക്കൂരയും തുറന്ന ഹാളുമൊക്കെ ആയിരിക്കാം ഇവർക്കുണ്ടായിരുന്നതെന്ന് പരാമർശിക്കുന്നു.

പാരമ്പര്യങ്ങളുടെയും പൊതുവായ ചരിത്രവസ്തുക്കളുടേയും അടിസ്ഥാനത്തിൽ മാവേലിക്കര താലൂക്കിൽ 13-ാം നമ്പർ പാലമേൽ പകുതിയിൽ സർവ്വേ നമ്പർ 482-ൽ ഇനം മുളപ്പോൺ പള്ളി പണ്ടാര



www.malankaralibrary.com

വസ്തുവിൽ ഒരു ക്രൈസ്തവ അധിവസിത സമൂഹം (കുടിയേറ്റ സമൂഹം ) ഉണ്ടായിരുന്നു എന്നും വ്യക്തമായി കാണാം.(കുടശ്ശനാട് എന്ന നാട്ടു പേര് അന്ന് നിലനിന്നിരുന്നതായി കാണുന്നില്ല.) തിരുവിതാംകോട്ട് സംസ്ഥാന ദിവാൻ പേഷ്ക്കാർ S. Parameswaran Iyer ടെ അനുമതിയോടുകൂടി കൊല്ലവർഷം 1082- മാണ്ട് കർക്കിടക മാസം 2-ാം തീയതി തയ്യാറാക്കി പ്രസിദ്ധീകരിച്ച Settlement Register പ്രകാരം മേൽ പറഞ്ഞ സർവ്വേ നമ്പർ 482- ൽ പട്ടാദാരന്റെ നമ്പരും പേരും താഴെ വിവരിക്കുന്നു.

*(സെറ്റിൽമെന്റ് രെജിസ്റ്റർ പതിപ്പ് കോപ്പി കാണുക) - Annexure - 1 & 1A*

മേൽപറഞ്ഞ ചരിത്രരേഖകൾ മുളപ്പോൺപള്ളി കുടുംബത്തേയും, കുടുംബസ്ഥാപകരേയും, പ്രാദേശിക, ഗാർഹിക സഭാസ്ഥാപനത്തേയും, പൗരോഹിത്യ പാരമ്പര്യത്തേയും എടുത്തുകാണിക്കുന്നില്ലേ?

4-ഉം, 6-ഉം നൂറ്റാണ്ടുവരെ പുരോഹിതന്മാരെക്കുറിച്ചുള്ള പരാമർശം നിലനിൽക്കെ കൂടുതലായ ഗവേഷണങ്ങളും, അന്വേഷണങ്ങളും അടിയന്തിരവും, അനിവാര്യവും ആയിരിക്കുന്നു എന്നുള്ളതും ശ്രദ്ധേയമാണ്. വിവിധ ഘട്ടങ്ങളിൽ അനേകം പുരോഹിതൻമാർ ഈ കുടുംബത്തിലുണ്ടായിരുന്നു വെ ങ്കിലും ഭാഗ്യസ്മരണാർഹനായ കോശിതരകനപ്പൂപ്പന്റെ ശ്രാദ്ധപ്പെരുന്നാൾ ( കന്നി-11 ന്) കേന്ദ്രീകരിച്ചു മാത്രമുള്ള കുടുംബശ്രാദ്ധവും സമ്മേളനവും എക്കാലവും അനുഗ്രഹപ്രദവുമാണ്. കുടുംബത്തിലെ പല വ്യക്തികൾക്കും ഉണ്ടായ അനുഭവങ്ങൾ ധാരാളമാണ്. രോഗശാന്തി, ഉദ്ദിഷ്ടകാര്യസാദ്ധ്യം ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും കുടുംബശ്രേഷ്ഠതയെ വിളിച്ചറിയിക്കുന്ന ചില വായ്മൊഴികൾ വിവരിക്കുന്നു.

1. ആണ്ടുതോറും കുടുംബാംഗങ്ങൾ കൂട്ടംകൂടി വള്ളത്തിൽ യാത്രചെയ്ത് കുറുവിലങ്ങാട്ട് പോയി മൂലകുടുംബത്തിൽ സമ്മേളിച്ചിരന്നതായി കേട്ടുകേൾവി ഉണ്ട്. പുരാതന മുളപ്പോൺപള്ളി തറവാടിന്റെ വീടും മറ്റും പൊളിച്ചുമാറ്റിയെങ്കിലും ഇപ്പോഴും കിണറിന്റെ അടുത്തായി കല്ലിൽ തിരികത്തിച്ച് ചില കുടുംബാംഗങ്ങൾ അനുഗ്രഹം പ്രാപിക്കുന്നതായി കണ്ടുവരുന്നു.

2. തരകനപ്പൂപ്പൻ പല്ലക്കിൽ യാത്രചെയ്യുമ്പോൾ "മുളപ്പോൺപള്ളി" കൊച്ചുകോശിക്കുഞ്ഞ് തരകനാര് ഹൊയ് ഹൊയ് പറഞ്ഞിരുന്നു.

മാർത്തോമശ്ലീഹായായിരുന്നു കേരളസഭയുടെ ഒന്നാമത്തെ മെത്രാൻ. വിശുദ്ധ തോമസിനെ തങ്ങളുടെ പിതാവായി അംഗീകരിക്കുന്ന ഒരു സമൂഹമേ ഭൂമുഖത്തുള്ളു. ശ്ലൈഹികോല്പത്തി അവകാശപ്പെടുന്ന ഏകസമൂഹവും അതുതന്നെ. കേരളത്തിലെ മാർത്തോമ ക്രിസ്ത്യാനികൾ ഈ നാട്ടുകാരായ മെത്രാൻമാരെയും റമ്പാൻമാരേയും വാഴിക്കുകയും പലർക്കും വൈദികപട്ടവും



www.malankaralibrary.com

ശെമ്മാശപ്പട്ടവും നൽകിയിരുന്നതായി പാരമ്പര്യ വൃത്തങ്ങൾ ഉണ്ട്. കള്ളി (പള്ളി) പകലോമറ്റം കുടുംബങ്ങളിൽ തുടർച്ചയായി വൈദികർ ഉണ്ടായിരുന്നതായും ചരിത്രരേഖകൾ ഉണ്ട്. നമ്മുടെ മേലുദ്ധരിച്ച വന്ദ്യരായ കത്തനാര് തോമ്മായും, കത്തനാര് ചാക്കോയും ഈ ഗണത്തിലും കുലത്തിലും ഉള്ളവരായിരുന്നു എന്നുള്ളത് പ്രസ്തവ്യയോഗ്യവും സംശയാതീതവും ആണ് ആദ്യ നൂറ്റാണ്ടുകളിൽ തന്നെ മാർത്തോമ ക്രിസ്ത്യാനികൾ പരസ്യമായ ആരാധന നടത്തിയിരിക്കണം.ആരാധനയ്ക്ക് ഹിന്ദുക്കൾക്ക് ക്ഷേത്രങ്ങൾ ഉള്ളതുപോലെ തങ്ങൾക്കും ആരാധാനാലയങ്ങൾ പണിചെയ്തിരിക്കണം. ആദ്യമൂന്നുനൂറ്റാണ്ടുകളിൽ കേരളസഭയുടെ ആരാധനാക്രമം ഏതു ഭാഷയിലായിരുന്നു എന്ന് നിശ്ചയമില്ല. തമിഴിലായിരിക്കണം എന്ന് ചിലർ വാദിക്കുന്നു. മുളപ്പോൺപള്ളിയിൽ ഇപ്പോഴും ലഭ്യമായതും പരിശുദ്ധമായി സൂക്ഷിച്ചിരിക്കുന്നതുമായ ആരാധന ക്രമവും ഏതാണ്ട് ഇതേരൂപത്തിലാണ്.

*(Annexure 2 കാണുക)*

ഗാർഹിക സഭാകാലഘട്ടം കഴിഞ്ഞ് പ്രദേശത്ത് ആദ്യ ക്രൈസ്തവ ദേവാലയം നാട്ടു ഭരണാധികാരികളായിരുന്ന പാപ്പാടികോയിക്കൽ, മുളപ്പോൺപള്ളി പണ്ഡാരത്തിൽ തറവാടുകൾക്ക് സമീപത്തുതന്നെ നിർമ്മിക്കാനുള്ള തീരുമാനപ്രകാരം അടിസ്ഥാനശില സ്ഥാപിക്കുകയും ചെയ്തു. പ്രദേശത്തിന്റെ പ്രഥമക്ഷേത്രത്തിനു മുമ്പിൽ "മുളപ്പോൺപള്ളി പണ്ടാരത്തിൽ" പ്രഥമ പള്ളിയും സ്ഥാപിച്ചിരുന്നതെന്ന് മതേതരത്വത്തിന്റെയും, മൈത്രിയുടേയും മാത്രമല്ല ജാതിഔന്നത്യത്തിന്റെയും, കുടുംബ ശ്രേഷ്ഠതയുടേയും ഭരണ മേൽക്കോയ്മയുടേയും പ്രതീകമായിരുന്നുവല്ലോ. നിർഭാഗ്യവശാൽ മതപീഡനം മൂലമോ, ആന്തരിക കലഹംമൂലമോ മുളപ്പോൺപള്ളിയിൽ പള്ളിയിൽ സ്ഥാപിച്ച അടിസ്ഥാന ശില സാമൂഹ്യവിരുദ്ധർ കാട്ടിലെറിഞ്ഞു. ക്ഷുഭിതനായ തരകനപ്പൂപ്പൻ തങ്ങളുടെ ദേവാലയം പൂർവ്വപിതാക്കൻമാരുടെ ജന്മനാടായ കുറവിലങ്ങാട്ടുള്ള പള്ളിയുടെ മാതൃകയിൽ ഏറ്റവും ഉയർന്ന സ്ഥലത്തുതന്നെ പ്രദേശത്തിന്റെ കാവലായി ഉയർന്നു നിൽക്കണമെന്ന് ആകമാന ക്രൈസ്തവ സമ്മേളനം നടത്തി ദൃഢ നിശ്ചയമെടുത്തു. സഹൃദയരായ ഹൈന്ദവപ്രമാണിമാരും അന്നത്തെ ക്രൈസ്തവ സമുഹവും ഒറ്റകെട്ടായി സമ്മേളിച്ച് പ്രാർത്ഥനാ ഗാനങ്ങളാലപിച്ച് 'ഹൌയ്' 'ഹൌയ്' ആലപിച്ച് മകരച്ചൂടിൽ മദ്ധ്യാഹ്നവേളയിൽ കാട്ടിൽനിന്നെടുത്ത, തരകൻ കത്തനാർ ആശീർവദിച്ച കല്ലുമായി പോയിൻ പോയിൻ എന്ന കല്പനയുമായി കിഴക്കോട്ടുയാത്ര ചെയ്ത് വയലിറങ്ങി കയറി മലമുകളിൽവൈപ്പിൻകുന്നിൽ കുറവിലങ്ങാട്ടു മാതൃകയിൽ രക്തസാക്ഷിയായ പരിശുദ്ധ സ്തേഫാനോസ് സഹദായുടെ



www.malankaralibrary.com

നാമത്തിൽ "മുളപ്പോൺപള്ളിയിൽ നിന്നും മുളംകുട്ടുപള്ളി" സർവ്വനന്മക്കായി അധിവസിത ക്രൈസ്തവസമൂഹം സ്ഥാപിച്ചു എന്നത്രെ വാമൊഴി.

വൈപ്പിൻ കുന്നിൽ ദേവാലയ സ്ഥാപനത്തിന്റെ ശേഷം 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശപട്ടണകാരുടെ ഭരണകാലത്തും വന്ദ്യരായ മുളപ്പോൺപള്ളി തോമസ് തരകൻ കത്തനാർ, ജേക്കബ് കത്തനാർ എന്നിവരും ഈ കുടുംബത്തിലെ പൗരോഹിത്യ ശൃംഖലയിലെ പ്രശസ്തി ആർജ്ജിച്ച ആചാര്യൻമാരും ആദ്യകാല വികാരമായിരുന്നു.

തലമുറകൾ കൈമാറി ഈ കുടുംബക്കാർ എവിടേയും എക്കാലവും അടിയുറച്ച ദൈവഭക്തിയിലുപരി ഏതുസമുഹത്തിലും സാഹചര്യത്തിലും സഭാപ്രവർത്തനങ്ങളിൽ ശക്തി യുക്തം ഇടപെട്ട് ശുശ്രൂഷ ചെയ്തും ആകമാന മലങ്കരസഭയുടെ വളർച്ചയിൽ എന്നും കടപ്പെട്ടും വർത്തിച്ചും പോരുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയവുമാണ്.

19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ മലങ്കര സഭ കേസിലും മറ്റ് ആന്തരിക പ്രശ്നങ്ങളിലും കൂടി കടന്ന് പിളർപ്പിന്റെ പാതയിലെത്തിയപ്പോൾ അന്ന് ദേശ പട്ടക്കാരനും കുടുംബത്തിന്റെ ശക്തിസ്രോതസ്സുമായിരുന്ന മുളപ്പോൺപള്ളി ജേക്കബ് തരകൻ കത്തനാരുടെ കത്തോലിക്ക പുനരൈക്യ ശ്രമങ്ങളും തുടർനടപടികളും മാവേലിക്കര, പുനലൂർ, കൊല്ലം താലൂക്കുകളിൽ ശക്തിയുക്തം പ്രവർത്തിച്ചുപോന്നു. അവിടെയും കടപ്പാടും കുടുംബത്തിന്റെ നേതൃത്വപാടവവും തെളിയിക്കപ്പെട്ടു. പരി. റോമ സിംഹാസനത്തിൽ നിന്നുപോലും പ്രശംസ ആർജിച്ചു.

കേരള സഭാ ചരിത്രത്തിൽ കത്തോലിക്കാ പുനരൈക്യ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിച്ച ഭാഗ്യ സ്മരണാർഹനായ ആർച്ച് ബിഷപ്പ് ബൻസിഗർ തിരുമേനിയുടെ ജീവ ചരിത്രത്തിലെ ഏതാനും വരികൾ താഴെ ഉദ്ധരിക്കുന്നു.

**Arch Biship Benziger** (By Cyril Motha)

*P.48*

In Kattanam, Charummoode, Peringanad,some ancient Jacobite families came up for reunion with the Catholic Church. Fathers Ninan, Abraham Tharakan, Jacob Tharakan Kudassanad, Geevarghees Peedikayil of Pathanamthitta and Father Thomas Pathalil hail form the said reunited Jacobite families . There Priest and their families helped our missioneries in their work for further re union of Jacobite and conversion of Harijans and other Hindus.



www.malankaralibrary.com

Page 52

Among the following Persons were most prominent. By 1921 twelve families from Charummood, and a few families under the leadership of Fr. Jacob Tharakan Mulapponpally of Kudassanad followed suit and again from Kottampallil 5 more families of Jacobits joined the true church. Churches big and small were built in their unteen immediately after a new families came over.

തേവരേത്തു കിഴക്കേതിൽ ചാക്കോ വല്യപ്പൻ മക്കൾ ഉണ്ണൂണി, കൊച്ചുകോശി, കൊട്ടുവിരുത്തു വടക്കേതിൽ ചാക്കോ വല്യപ്പൻ എന്നിവർ വന്ദ്യ ജേക്കബ് മുളപ്പോൺപള്ളീലച്ചന്റെ സഹപ്രവർത്തകരായി വർത്തിച്ച കുടുംബാംഗങ്ങളായിരുന്നു. അച്ചന്റെ കുടുംബങ്ങളെ എടുത്ത് പ്രശംസിച്ചത് ഈ മാന്യവ്യക്തികളെയാണെന്ന് സാരം.

സമ്പൂർണ്ണ ചരിത്രാന്വേഷണം തുടരുകയാണ് എന്നിരുന്നാലും കാലാകാലങ്ങളിൽ നടന്ന ചില യാദൃശ്ചിക സംഭവങ്ങൾ സ്മരണയിൽ കൂടി കടന്നു പോകുന്നത് പ്രസ്താവയോഗ്യമാണ്. ആദ്യ മുളംകൂട്ടുപള്ളി മുളപ്പോംപള്ളി തരകനപ്പൂപ്പന്റെ നേതൃത്വത്തിൽ നടത്തിയെങ്കിലും കുടശ്ശനാട്ടു വൈപ്പിൻ കുന്നിൽ കുറവിലങ്ങാട്ടു ദേവാലയ മാതൃകയിൽ പണികഴിപ്പിച്ച ദേവാലയത്തിന്റെ പണിയുടെ ട്രസ്റ്റി തേവരേത്തു കിഴക്കതിൽ ചാക്കോ വല്യപ്പനായിരുന്നു. പരി. സ്തേഫാനോസ് സഹദായുടെ വസ്ത്രാംശം ചാവക്കാട്ടു നിന്നും പള്ളിയുടെ അടിത്തറയിൽ നിക്ഷേപിച്ചതായും പറഞ്ഞിട്ടുണ്ട്.

തേവിരേത്തുകിഴക്കേതിൽ ചാക്കോവല്ല്യപ്പനും മോഴിയാട്ടു വടക്കേതിൽ കൊച്ചൂഞ്ഞ് വല്ല്യപ്പനും ചാവക്കാട്ട് പോയവരിൽ ഉൾപ്പെടുന്നു. തേവരേത്ത് വല്ല്യപ്പന്റെ മരണം യാദൃശ്ചികമായി 1968 മകരം 8 (പെരുന്നാൾ ദിവസം) തന്നെയാണന്നുള്ളതും, അന്നേ ദിവസം റാസയ്ക്ക് ശേഷം അവിടെനിന്നുള്ള വൈദികർ,കൊടി,കുട പരിവാരങ്ങളോടു കൂടി കത്തോലിക്കാ പള്ളിയിൽ സംസ്കാരം നടത്തി. ഇപ്പോഴുള്ള പള്ളിയുടെ പണി പൂർത്തീകരണ ട്രസ്റ്റി ശ്രീമാൻ ജോർജ് വർഗ്ഗീസ് തേവിരേത്ത് ആയിരുന്നു. കുടശ്ശനാട്ടെ ലത്തീൻകത്തോലിക്കാ സ്ഥാപനത്തിനും തുടർന്ന് മലങ്കര കത്തോലിക്കാ പള്ളിയുടെ നിർമ്മാണത്തിനും ഈ കുടുംബത്തിനുള്ള പങ്ക് അവിസ്മരണീയമാണ്.

20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കുടശ്ശനാട് ക്രൈസ്തവ സമൂഹത്തിന്റെ നെടുംതൂണായി വർത്തിച്ച മാന്യവ്യക്തികളായിരുന്നു മലങ്കാവിൽ ശ്രീമാൻ മാത്തൻ അവർകൾ ,മുളപ്പോൺ പള്ളി കിഴക്കേതിൽ,



www.malankaralibrary.com

ശ്രീമാൻ എം.സി. സാമുവൽ എന്നിവർ. എം.സി. സാമുവൽ 30 വർഷക്കാലം ഇടവക ഭരണത്തിൽ ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗം എന്നീ നിലകളിൽ സുശക്തമായ പ്രവർത്തനവും പോരാട്ടവും നടത്തി പ്രശംസയാർജ്ജിച്ചു. അദ്ദേഹം കർത്തൃസന്നിധിയിലേക്ക് യാത്രയായപ്പോൾ ചരമ പ്രസംഗത്തിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു.

"ഞാൻ ഭദ്രാസന ചുമതലയേൽക്കുമ്പോൾ കുടശ്ശനാട് പ്രശ്നങ്ങളുടെ നടുവിലായിരുന്നു. പ്രശ്നപരിഹാരത്തിന് സാമുവൽ എനിക്ക് സഹായകമായിരുന്നു. രാപകലില്ലാതെ സർവ്വ നന്മ ലക്ഷ്യമാക്കി സാമുവേൽ എന്റെ കൂടെനിന്നു. സാമുവലും കുടുംബവും സഭയോട് കടപ്പെട്ടിരിക്കുന്നു. സഭ സാമുവലിനോടും. എനിക്കു ധൃതിയാണ്. 2 മണിക്ക് മദ്രാസിനു പോകണം. എങ്കിലും എന്റെ കടമയായിരുന്നു ശാമുവലിന്റെ ചരമ ശുശ്രൂഷയിൽ പങ്കെടുക്കുക എന്നുള്ളത്."

ഈ ചരിത്ര കുറിപ്പുകൾ ഇവിടെ തീരുന്നില്ല. അന്വേഷണം പുറകോട്ടു തുടങ്ങിയിട്ടേയുള്ളൂ. ഈ ചരിത്രാന്വേഷണത്തിൽ പല സുപ്രധാന വ്യക്തികളോടും പ്രസ്ഥാനങ്ങളോടും കടപ്പെട്ടിരിക്കുന്നു. പള്ളിവീട് കുടുംബയോഗം, പള്ളിവീട് ഏകോപന സമിതി , പണിക്കർ കുടുംബയോഗം Prof.George, John Nidhire , Fr. Philip Pantholil.Revenue Department Kayamkulam and Mavelikkara etc........... ആദ്യമായി കുറവിലങ്ങാട്ടു ചെന്നപ്പോൾ കിട്ടിയ സ്വീകരണം ഞാനും, ശ്രീമാൻ കുഞ്ഞൂട്ടി കാരോട്ടും കൂടി ആദ്യമായി പള്ളി വീട് ഏകോപന സമിതി മീറ്റിംഗിൽ സംബന്ധിച്ചപ്പോൾ സ്വാഗതം ചെയ്ത രീതി എല്ലാം കൃതഞ്ജതയർഹിക്കുന്നു. ഈ സംക്ഷപ്തി ചരിത്രാന്വേഷണം അതിന്റെ പൂർണ്ണ രൂപത്തിൽ പൂർത്തീകരിക്കാൻ സർവ്വശക്തൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥനയോടുകൂടി ഇവിടെ നിർത്തട്ടെ.

*****



www.malankaralibrary.com

# ANNEXURE -1

| സർവേ നമ്പർ | ഇനം | വിസ്തീർണ്ണം | പട്ടയം | പേര് |
|---|---|---|---|---|
| 482 1/4 1/2 | പണ്ടാരം വക പാട്ടം | 72 സെ. | 763 | മുളപ്പോൺ പള്ളി നസ്രാണി തൊമ്മിതോമ്മ |
| B. 4 | | 85 സെ. | 769 | കത്തനാരു തോമ്മാ, കത്തനാരു ചാക്കോ |
| 482 1/2 2/2 | | 85 സെ. | 765 | മുളപ്പോൺപള്ളി കിഴക്കേതിൽ മാത്തൻ വറീത് |
| B. 6 | | 89 സെ. | 679 | കൊട്ടുവിരുത്തി വടക്കേതിൽ നസ്രാണി മറിയ കൊച്ചീത്താ, നസ്രാണി |
| 7 A | | | 684 | ചാക്കോ മാത്തൻ, ചാക്കോ ചാണ്ടി |



www.malankaralibrary.com

# ANNEXURE -1A



www.malankaralibrary.com

## ANNEXURE -2




**ആദിമകാലത്ത് പിതാക്കന്മാർ ഉപയോഗിച്ചിരുന്ന ആരാധനക്രമം**




www.malankaralibrary.com

# ANNEXURE -3




# ANNEXURE -3A





www.malankaralibrary.com

# മുളപ്പോൺപള്ളി ശ്രാദ്ധപ്പെരുന്നാളും (ചാത്തം) കുടുംബയോഗവും നൂറ്റാണ്ടുകളിലൂടെ



ജോയി കോശി തേവരേത്ത് കിഴക്കേതിൽ
സെക്രട്ടറി, കുടുംബയോഗം

മുളപ്പോൺപള്ളി കുടുംബത്തിന്റെ ഒരു മുഖമുദ്രയാണല്ലോ കന്നി 11 ശ്രാദ്ധം. എന്നു തുടങ്ങി? ആരു തുടങ്ങി? നൂറ്റാണ്ടുകൾക്കപ്പുറത്ത് ഋഷി തുല്യനായി കുടുംബത്തിൽ വസിച്ച് സുകൃതം ചെയ്ത ഒരു സന്യാസിവര്യൻ. പരിശുദ്ധൻ. വിളിച്ചാൽ വിളികേൾക്കും. തന്റെ മക്കൾക്ക് വിളിപ്പുറത്ത് ഓടിയെത്തും. ചിങ്ങത്തിൽ ഓണം. കന്നിയിൽ ശ്രാദ്ധം. കന്നി 11 ന് ശ്രാദ്ധത്തിന് മുളപ്പോൺ പള്ളിക്കാർ ദൂരസ്ഥരും സമീപസ്ഥരും ഒരുക്കമായി. വിളിക്കണ്ടാ-ക്ഷണിക്കണ്ടാ. സ്വയം ജാഗരൂഗരാകുന്ന ഒരു പ്രത്യേകത. തന്റെ ശ്രാദ്ധത്തിന് കെട്ടിച്ചയച്ച പെൺമക്കൾ ഓടിയെത്തുന്നു. നേർച്ചകാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം പ്രാപിക്കുന്നു. കൊട്ടില്ല കുരവയില്ല. വിശുദ്ധബലിയും സ്നേഹ വിരുന്നിലും ഒതുങ്ങി.

ആചാര്യകുലത്തിലും ഗണത്തിലുമുള്ള പൂർവ്വികരുടെ സ്മരണയ്ക്കായുള്ള മുളപ്പോൺ പള്ളി ശ്രാദ്ധം ഒരു പാരമ്പര്യവും നാടിനൊരു സവിശേഷതയുമാണ്. നൂറ്റാണ്ടുകളായി ശ്രാദ്ധം ഇടവിടാതെ നടന്നു വരുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടുകളായി ശ്രാദ്ധം നടത്തിയ ഭവനങ്ങൾ

1980 : ശ്രീ. ശാമുവൽ മുളപ്പോൺപള്ളി കിഴക്കതിൽ

1981 : " " ജോർജ് തരകൻ മുളപ്പോൺപള്ളി പഴകുളം

1982 : " " കൊച്ചുവറീത് കൊട്ടുവിരുത്തി വടക്കേതിൽ

1983 : " " കൊച്ചു കോശി തേവേരത്ത് കിഴക്കേതിൽ

1984 : " " കൊച്ചൂട്ടി വാലുകുറ്റിയിൽ മലങ്കാവിൽ

1985 : " " ബേബി, മുളപ്പോൺപള്ളി കിഴക്കേതിൽ.

1986 : " " ജോർജ് തരകൻ, മുളപ്പോൺപള്ളി, പഴകുളം

1987 : " " കുട്ടി, പള്ളി വാതുക്കൽ.

1988: " " റ്റി. കെ. ബേബി, തുരുത്തേൽ.

1989 : " " സണ്ണി, തട്ടയ്ക്കാട്ട്.

1990 : " " ശാമുവൽ, കൊട്ടുവിരുത്തി വടക്കേതിൽ.



www.malankaralibrary.com

1991 : ” ” ശാമുവൽ, മുളപ്പോൺപള്ളി കിഴക്കതിൽ.

1992 : ” ” ബേബി, ഈരിക്കൽ കൊട്ടു വിരുത്തിൽ വടക്കേതിൽ.

1993 : ” ” ജേക്കബ് തരകൻ, മുളപ്പോൺപള്ളി പഴകുളം.

1994 : ” ” പാപ്പച്ചൻ, തേവേരത്ത് കിഴക്കതിൽ.

1995 : ” ” കൊച്ചൂട്ടി, വാലുകുറ്റിയിൽ മലങ്കാവിൽ.

1996 : ” ” രാജൻ, തേവേരത്ത് കിഴക്കേതിൽ.

1997 : ” ” ബിജോയ്, ഏരുത്തിലുവിളയിൽ.

1998 : ” ” ബോബി വർഗ്ഗീസ്, മുളപ്പോൺപള്ളി കിഴക്കതിൽ.

1999: : ” ” ജേക്കബ് തരകൻ, മുളപ്പോൺപള്ളി പഴകുളം.

2000 : ” ” തങ്കച്ചൻ (P.T. Mathews) പൈനുംമൂട്ടിൽ (പീടികയിൽ)

2001 : ” ” കോശി തരകൻ, മുളപ്പോൺപള്ളി, ചാത്താകുളം, പോരുവഴി.

2002 : ” ” ജോൺ, കറുത്തേടത്തു ഷിജു ഭവൻ.

2003 : ” ” ജോർജ് തേവേരത്ത് കിഴക്കേതിൽ.

2004 : ” ” കുഞ്ഞൂട്ടി, കാരോട്ട്.

2005 : ” ” ബേബി, ഈരിക്കൽ കൊട്ടുവിരുത്തിൽ വടക്കതിൽ.

2006 : ” ” ജോയി കോശി, തേവേരത്ത് കിഴക്കതിൽ.

കാലം കടന്നുപോയി. ശ്രാദ്ധം കുടുംബയോഗത്തിലേക്കായി. അവിടെയും ഔന്നത്യത്തിലേക്കായിരുന്നു കുടുംബയോഗ പ്രവർത്തനങ്ങൾ.

* വന്ദ്യ കോശി തരകനപ്പൂപ്പനച്ചന്റെ ഓർമ്മ പെരുന്നാൾ കന്നി 11 ആഘോഷമായി.

* നൂറ്റാണ്ടുകൾക്കപ്പുറം മുതൽ പ്രത്യേക ചാത്തകണ്ടം നിലനിന്നിരുന്നു.

* 1983 കന്നി 11-കുടുംബ ദീപത്തിന്റെ പുനർസ്ഥാപനം.

തുമ്പമൺ ഭദ്രാസന പള്ളിയിൽ വി.കുർബാന നടത്തി കുടുംബത്തിലെ വിവിധ ശാഖാ പ്രതിനിധികൾ ചേർന്ന് [ എം. സാമുവേൽ മുളപ്പോൺപള്ളി കിഴക്കേതിൽ, മത്തായി തേവരേത്ത്, കോശി ഡാനിയൽ തുരുത്തേൽ, വർഗ്ഗീസ് കൊട്ടൂരുത്തി വടക്കേതിൽ, ഡാനിയൽ കാരോട്ട് എന്നിവർ കത്തിച്ചു കൊണ്ടുവന്ന ദീപം കുടശ്ശനാട് മലങ്കര കത്തോലിക്കാ പള്ളിയിൽ, ശ്രീമാൻ കൊച്ചുകോശി തേവരേത്ത് കിഴക്കേതിൽ സ്വീകരിച്ച് വി. മദ്ബഹായിൽ



www.malankaralibrary.com

സമർപ്പിച്ചു. വന്ദ്യ ലോറൻസ്മാർ അപ്രേം തിരുമനസ്സുകൊണ്ട് ആശീർവദിച്ച കുടുംബദീപം എല്ലാ വർഷവും ഭവനം തോറും കൈമാറുന്നു. ശ്രീമാൻ പാപ്പച്ചൻ തേവരേത്ത് കിഴക്കേതിൽ ആയിരുന്നു ആദ്യവിളക്ക് സംഭാവന ചെയ്തത്.

* 1993 ൽ ഔദ്യോഗികമായി കുടുംബയോഗ റിപ്പോർട്ട് Rev. Fr. S. Jacob ആരംഭിച്ചു.

പ്രഥമ കമ്മറ്റി അംഗങ്ങൾ

1. George Varghese - Thevirathu - Patron
2. Rev. Fr. S.Jacob - President
3. Rev. Fr. Jose Thomas - Vice President
4. C. Daniel Karotte
5. KochuKutty - Valukuttiyil
6. T. Samuel - Shaji Bhavan Erumakuzhi
7. Thomas Joy- Thuruthel
8. Johny- Polackal

തുടർന്ന് 18-11-1993 ൽ Fr. S. Jacob ന്റെ ഭവനത്തിൽ കൂടിയ മീറ്റിങ്ങിൽ സഹായനിധി ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചു. ആയതിലേക്കുള്ള കമ്മറ്റി അംഗങ്ങൾ

1. L.Col. K.G. George - Karotte
2. Joy Koshy- Thevirathu kizhakkethil
3. George Kutty- Thevirathu kizhakkathil
4. Pappachan - Kottuviruthi Vadakkethil

Sept.94 - മുളപ്പോൺ പള്ളി ഫാ. കോശി തരകൻ മെമ്മോറിയൽ സഹായ നിധി അനൗപചാരികമായി ആരംഭിച്ച് ശ്രീമതി റോസമ്മ ജോയിയിൽനിന്ന് ആദ്യ സംഭാവനയായി 1001 രൂപ സ്വീകരിച്ച് റവ. ഫാ. തോമസ് തെക്കേടത്ത് ഉദ്ഘാടനം നിർവ്വഹിച്ചു.

1997 - ശ്രീ. റ്റി. ജോൺ കറുത്തേടത്ത് സെക്രട്ടറിയായി സ്ഥാനം ഏറ്റെടുത്തു.

1998 - ശ്രീ. ഡാനിയൽ കാരോട്ട് സഹരക്ഷാധികാരിയിയും ശ്രീ. ജോയി



www.malankaralibrary.com

കോശി, തേവരേത്ത് കിഴക്കേതിൽ സെക്രട്ടറിയായും ശ്രീ. പി. റ്റി. മാത്യു (തങ്കച്ചൻ) പീടികയിൽ ട്രഷറർ ആയും ചുമതല എറ്റെടുത്തു.

1998 – കുടുംബ ദീപം പുതുക്കി : റവ. ഫാ. ജേക്കബ് മുളപ്പോൺപള്ളി കിഴക്കേതിൽ വിളക്ക് സംഭാവന ചെയ്തു. പരേതർക്ക് ശോശപ്പായും പ്രായമായവർക്ക് പൊന്നാടയും അണിയിച്ച് ആദരിക്കാൻ തുടങ്ങി.

2003 – മലങ്കര മാർത്തോമ്മാ രൂപതാ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി തേവരേത്ത് കിഴക്കേതിൽ ശ്രീ. ജോർജിന്റെ ഭവനത്തിൽ കുടുംബസമ്മേളനത്തിൽ പങ്കെടുത്തു. കുടുംബത്തിന്റെ പൗത്രനായ പെരിയ ബഹുമാനപ്പെട്ട ഡോ. ഗീവർഗ്ഗീസ് പണിക്കരച്ചന് 80–ാം വയസ്സിൽ പൊന്നാട അണിയിച്ച് ആദരിച്ചു.

2004 – ശ്രീമാൻ കുഞ്ഞുകുട്ടി കാരോട്ടും, ജോയി കോശി തേവരേത്തു കിഴക്കേതിലും കുറവിലങ്ങാട് നടന്ന പള്ളി വീട് ഏകോപന സമിതി മീറ്റിങ്ങിൽ പങ്കെടുത്തു.

ശ്രീമാൻ കുഞ്ഞുകുട്ടി കാരോട്ടിന്റെ ഭവനത്തിൽ വച്ചു നടന്ന കുടുംബയോഗത്തിൽ പള്ളിവീട് കുടുംബയോഗം പ്രസിഡന്റ് റവ. ഫാ. ഫിലിപ്പ് പാന്തോളിൽ ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. തദവസരത്തിൽ വന്ദ്യ ഗബ്രിയേൽ റമ്പാച്ചന് സ്വീകരണവും നൽകി ആദരിച്ചു.

2005 – കുടുംബയോഗ ട്രസ്റ്റ് "Mulapponpally Father Koshy Tharakan Memmorial Trust" No. 46/05/IV dtd. 26-09-05 രജിസ്റ്റർ ചെയ്യുകയും തിരവനന്തപുരം മെത്രാപ്പോലീത്ത അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമനസുകൊണ്ട് ഉദ്ഘാടനം നിർവഹിക്കുകയുമുണ്ടായി. (Annexure 3, 3A കാണുക)


2006 – സംക്ഷിപ്ത കുടുംബചരിത്ര പ്രകാശനം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി തേവരേത്തുകിഴക്കേതിൽ ജോയി കോശിയുടെ ഭവനത്തിൽവെച്ച് നിർവഹിച്ചു.

* * * * *



www.malankaralibrary.com


# പരേതരായ കുടുംബാംഗങ്ങൾ



മുളപ്പോൺപള്ളി തോമസ് തരകൻ കത്തനാരുടെ പുത്രൻ ജേക്കബ് തരകൻ കത്തനാരും
ബസ്കിയാമ്മ തുമ്പമൺ പുത്തൻവീട്ടിൽ ജേക്കബ് കത്തനാരുടെ മകൾ സാറാമ്മ ജേക്കബും



www.malankaralibrary.com




Varghese Chacko (82)
Mulapponpally Kizhakkethil, Died on 06-09-79



I. Yohannan(78) & Sosamma Yohannan(93)
Ottalil Vadakkethil House, Died on 24-02-76 and 29.01-73






M.C. Samuel(80) & Marriamma Samuel(73)
Ottalil Kizhakkethil House
Died on 03-09-02 and 19-10-99


M. C. Varghese (Baby)
Mulapponpallil Puthenveedu
Died on 16-10-2003




www.malankaralibrary.com



Geevarghese Kunjumman & Rachel Kunjumman
Died on 04-12-1984 (73 yrs.) and 30-10-1999 (82 yrs)
Thevarethu Kizhakkethil




T.G. Pappachan Died on 01-09-2001 (64 yrs.)
Thevarethu Kizhakkethil




Kochu Koshy & Thankamma Koshy
Died on 10-04-1989 (82 yrs.) and 23-12-1996 (80 yrs)
Thevarethu Kizhakkethil



www.malankaralibrary.com




Thomas Karuthedathu(85)
Died on 08-03-99



Aachi Mathai
Karuthedathu



Kochukunju Kutty & Aleyamma
Kotturethu Vadakkethil, Kudassanad
Died on 18-06-95 and 08-09-99



Kochuvareeth & Kunjamma
Kotturethu Vadakkethil, Kudassanad




www.malankaralibrary.com



**Varghese**
Mozhiyattu Vadakkethil
Kudassanad
Died on 08-09-1976



**Varghese Scharia & Mariamma**
Mozhiyattu Vadakkethil
Died on 09-08-98 and 05-05-99




**P.T. Kunjachan (64)**
Thattakkattu Kizhakkethil
Died on 28-09-03




**Thomas(84) & Kunjamma(82)**
Thattakkattu Kizhakkethil, Kudassanad
Died on 25-08-94 and 01-06-1996




www.malankaralibrary.com




**George Tharakan**
Mulapponpally
Kudassanad




**Koshy Tharakan**
Mulapponpally
Kudassanad
Died on 19-09-1968




**T. V. Ninan(65)**
Thevirathu House
Kudassanad
Died On : 04-01-95




**O. Thomas (62)**
Thenguvilayil House
Kudassanad
Died on 19-07-90




**T. V. Jacob(52)**
Thazhathethil
Kudassanad
Died On : 06-04-04




**T.V. Varghese**
Thenguvilayil
Kudassanad
Died on 27-03-91



**Aleyamma Mathew(76)**
Thevirathu Puthenveed
Kudassanad
Died On : 30-09-01



Kunjamma Thomas (80)
Kaleeckal
Kudassanad




**Chinnamma Daniel (48)**
Thevirethu Kizhakkathil
Kudassanad
Died on 14-07-1996



www.malankaralibrary.com



**K. Varghese (95) & Aleyamma Varghese (75)**
Thattakkattu, Died on 19-05-96 and 27-06-87



**T.K. Joseph (51)**
Thattakkattu, Kudassanad
Died on 07-02-92



**T. K. Abraham (59)**
Ancy Nivas, Kudassanad
Died on 08-12-05




**K. Chacko (85) & Aleyamma Chacko (80)**
Kariottu, Kudassanad. Died on 24-08-91 and 25-06-99




www.malankaralibrary.com




**Varghese Mathai & Mariyamma Mathai, Fynumoottil Vadakethil**
Died on 16-10-82 and 06-12-71



**C. Daniel, Fynumoottil Vadakethil**
Died on 02-01-02



**P.M. Kunjukutty**
Reji Bhavanam (Peedikayil)
Died on 26-04-03




**Georgekutty Samuel (44)**
Kottuviruthy Vadakkethil
Died on 25-03-03



www.malankaralibrary.com



**Koshy Daniel (79) & Mariamma Daniel (65)**
Madakulangara House (Thuruthel)
Died on 22-05-98 and 16-05-96



**George Daniel (40)**
Abey Villa
Died on 17-05-96



**T.K. Varghese (76)**
Thuruthel
Died on 24-07-98



**T.K. John (54)**
Thuruthel
Died on 27-06-87




**T.K. Thomas (84) & Chinnamma Thomas (79)**
Thuruthel, Kudassanad, Died on 20-09-03 and 13-03-05




www.malankaralibrary.com



**C. Mathachan , Valukuttiyil Puthen Veedu, Nooranad**
Died on 25-06-75



**O. Mathai**
Valukuttiyil, Nooranad
Died on 30-09-96




**O. Thomas**
Valukuttiyil, Nooranad
Died on 01-06-1992



**Daniel (80) & Thankamma (72) Thundil, Poozhikkadu**



www.malankaralibrary.com



**Chacko, Panamthundil**




**Kochoonju Chacko & Kunjamma Chacko**
Binoy Bhavan. Died on 20-06-90 and 03-03-06




**P. C. Thankachan, Binoy Bhavan**
Died on 19-11-03



www.malankaralibrary.com



Leelamma K (53) and K.O. Kunjukunju (70)
Thevarethu Kizhakkethil, Kudassanad
Died on 20-12-95 and 27-05-02



K. Kutty (66)
Mozhiyattu, Kudassanad
Died in 1996



A. P. Varghese (Baby)
Alummoottil House, Nooranad
Died on 03-07-2000




www.malankaralibrary.com



2004 ലെ കുടുംബ സമ്മേളനത്തിൽവച്ച് കുടുംബയോഗത്തിന്റെ ലോഗോ റവ. ഫാ. ഫിലിപ്പ് പന്തോളിൽ നിർവ്വഹിക്കുന്നു.
വെ. റവ. ഗബ്രിയേൽ റമ്പാൻ സമീപം.



www.malankaralibrary.com



2004ൽ അഭിവന്ദ്യ ഗബ്രിയേൽ റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ കാരിയോട്ട് ഭവനത്തിൽ വെച്ചു നടന്ന കുടുംബസംഗമത്തിൽ സെക്രട്ടറി ശ്രീ. ജോയി കോശി സംസാരിക്കുന്നു.




www.malankaralibrary.com



കുടുംബദീപം കാരിയാട് സി. കുഞ്ഞുകുട്ടിയിൽ നിന്നും
കൊട്ടുവിരുത്തി വടക്കേതിൽ വർഗീസ് ബേബി ഏറ്റുവാങ്ങുന്നു



www.malankaralibrary.com



കുടുംബയോഗത്തിൽ സംബന്ധിച്ച വിശിഷ്ടാതിഥികൾക്ക്
Lt. Col. K. C. George കാരിയാട്ട് നന്ദിപ്രകാശിപ്പിക്കുന്നു




www.malankaralibrary.com



70 വയസ്സ് പൂർത്തിയാക്കിയ കുടുംബത്തിലെ അംഗങ്ങൾക്ക് പൊന്നാട നൽകി ആദരിക്കുന്നു.
കറുത്തേടത്ത് അന്നമ്മ തോമസ് പൊന്നാട സ്വീകരിക്കുന്നു.




www.malankaralibrary.com



കുടുംബാംഗങ്ങൾ യറുശലേം പാത്രിയർക്കീസിനെ കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ സ്വീകരിച്ച് ആദരിക്കുന്നു.
തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ്പ് Rt. Rev. സിറിൽ മാർ ബസേലിയോസ് തിരുമനസ്സുകൊണ്ട് സമീപം



www.malankaralibrary.com



ഫാ. എസ്. ജേക്കബ് കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ തിരുബലിയർപ്പിക്കുന്നു




www.malankaralibrary.com



കുടുംബയോഗ ട്രസ്റ്റ് രജിസ്റ്റർ ചെയ്തതിന്റെ രേഖ അഭി: ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി പ്രകാശനം ചെയ്ത് രക്ഷാധികാരി ജോർജ് വർഗീസിനെ ഏൽപിക്കുന്നു.




www.malankaralibrary.com



2005 ലെ കുടുംബസംഗമം. അഭി: ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമനസ്സ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. ജേക്കബ് അച്ചൻ, ജോയി കോശി, ശ്രീ C. K. വർഗ്ഗീസ് മുളമൂട്ടിൽ, Ver. Rev. തോമസ് കുമ്പക്കാട്ട്, Rev. Fr. ചെറിയാൻ പണിക്കർ, Rev. Fr. ജോസ് തോമസ് എന്നിവരെ കാണാം.




www.malankaralibrary.com



2005 ലെ കുടുംബയോഗ സദസ്സ്



www.malankaralibrary.com



കുടുംബയോഗസമ്മേളനത്തിന്റെ സൽക്കാര വേദിയിൽനിന്ന്



www.malankaralibrary.com



കുടുംബസമ്മേളന വേദി - ഒരു ബാഹ്യ വീക്ഷണം



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മുളപ്പോൺപള്ളി
## കുടുംബചരിത്രം
### ഒരെത്തിനോട്ടം




ജോയികോശി
*സെക്രട്ടറി, കുടുംബയോഗം*



ഫാ. ജേക്കബ് മുളപ്പോൺപള്ളി
*പ്രസിഡന്റ്, കുടുംബയോഗം*

പൗരാണികകുടുംബം. പൗരോഹിത്യ കുലപതികൾ വാണരുളിയ തറവാട്. തിരുമണിമംഗലം മഹാദേവർക്ഷേത്രസാമിപ്യം. മത മൈത്രിയുടേയും പഴമയുടേയും പ്രതീകം. കന്നി 11 ശ്രാദ്ധം. തലമുറകളിലൂടെ ഒത്തുകൂടലിന്റെയും ഭാഗ്യസ്മരണയുടേയും ദിനം. സത്യാന്വേഷണം എത്തിയിടത്തെല്ലാം സത്യം മാത്രം. കടപ്പാട് ഒത്തിരി. സഹായനിധി പങ്കുവെയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ആശാകേന്ദ്രം. ഈ എത്തിനോട്ടത്തിലൂടെ തലമുറകൾ കൈമാറി സമ്പൂർണ്ണ കുടുംബചരിത്രം പ്രകാശിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു, ആശംസിക്കുന്നു. ദൈവത്തിനുസ്തുതി. പ്രാർത്ഥനയോടെ ...............



Cover Design & Printing : ABC @ Adoor 9847239385

www.malankaralibrary.com